

VOL NO: 08 I ISSUE 47
2024 NOVEMBER 23 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

മുനമ്പം വക്ഫ് ഭൂമിയുമായി ബന്ധപ്പെട്ട വിവാദം പല തലങ്ങളിലേക്കും വ്യാപിക്കുകയാണ്. സർക്കാരിന്റെ ദുരൂഹമായ മൗനത്തിൽ പോലും മുതലെടുപ്പിന്റെ രാഷ്ട്രീയം ദർശിക്കാൻ കഴിയും. ദരിദ്രരുടെ അവകാശങ്ങൾ സംരക്ഷിച്ച് കൊണ്ട് മുതലെടുപ്പുകാരെ കയ്യൊഴിയാൻ ഭരണകൂടവും നിയമസംവിധാനവും ആർജവം കാണിക്കണം.

# മുനമ്പം വക്ഫ് ഭൂമിയും ധ്രുവീകരണ രാഷ്ട്രീയവും

## പ്രമാണങ്ങളെ സ്വീകരിക്കുന്നത് 'അക്ഷരവായന'യോ?

- ഹദീസ് വിരോധത്തിലെ അപകടങ്ങൾ
- ഇ.കെ.മൗലവിയും തിരൂരങ്ങാടി യതീംഖാനയും
- മലപ്പുറത്തിന്റെ മണ്ണിൽ വർഗീയത ചികയുന്നവരോട്




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0409
നേർപഥം
വാരിക
2024 നവംബർ 23
1446 ജു. ഊലാ 21
പുസ്തകം 08 / ലക്കം 47




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




മുജീബ് ഒട്ടുമ്മൽ

മുനമ്പം വക്വ്ഫ് ഭൂമിയുമായി ബന്ധപ്പെട്ട വിവാദം പല തലങ്ങളിലേക്കും വ്യാപിക്കുകയാണ്. സർക്കാരിന്റെ ദുരൂഹമായ മൗനത്തിൽ പോലും മുതലെടുപ്പിന്റെ രാഷ്ട്രീയം ദർശിക്കാൻ കഴിയും. ദരിദ്രരുടെ അവകാശങ്ങൾ സംരക്ഷിച്ച് കൊണ്ട് മുതലെടുപ്പുകാരെ കയ്യൊഴിയാൻ ഭരണകൂടവും നിയമസംവിധാനവും ആർജവം കാണിക്കണം.

**05** മുഖമൊഴി
ചങ്ങലയ്ക്കു ഭ്രാന്തു പിടിക്കും കാലം!

**06** നമുക്കുചുറ്റും
മലപ്പുറത്തിന്റെ മണ്ണിൽ വർഗീയത ചികയുന്നവരോട്
റഹ്മാൻ മധുരക്കുഴി

**08** ലേഖനം
ഹദീസ് വിരോധത്തിലെ അപകടങ്ങൾ
ദുൽക്കർഷാൻ അലനല്ലൂർ

**18** ചരിത്രപഥം
ഇ.കെ.മൗലവിയും തിരൂരങ്ങാടി യതീംഖാനയും
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**26** വിമർശനം
പ്രമാണങ്ങളെ സ്വീകരിക്കുന്നത് 'അക്ഷരവായന'യോ?
മൂസ സ്വലാഹി കാര

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുൽ അഹ്സാബ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** നീണ്ടകഥ
വിജയം അകലെയല്ല
ബിസ്മിത എം.

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

## സാമൂഹിക പ്രതിബദ്ധത കാത്തുസൂക്ഷിക്കണം: വിസ്ഡം പ്രൊഫൈസ്

കണ്ണൂർ: തൊഴിൽ മേഖലയിലെ ഏത് പ്രതികൂല സാഹചര്യങ്ങളിലും സാമൂഹിക പ്രതിബദ്ധത കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാകണമെന്ന ആഹ്വാനത്തോടെ വിസ്ഡം യൂത്ത് സംസ്ഥാന സമിതി സംഘടിപ്പിച്ച നാലാമത് പ്രൊഫഷണൽ ഫാമിലി കോൺഫറൻസ് 'പ്രൊഫൈസ്' കണ്ണൂർ നായനാർ അക്കാഡമിയിൽ സമാപിച്ചു.

പ്രൊഫഷണൽസിന് ജോലിത്തിരക്കിനിടയിലും സാമൂഹികമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ കഴിയണമെന്നും രാജ്യത്ത് വർധിച്ച് വരുന്ന വിദ്വേഷ പ്രചാരണങ്ങൾക്കെതിരെ സാഹോദര്യത്തിന്റെ സന്ദേശം പ്രചരിപ്പിക്കാൻ പ്രൊഫഷണലുകൾ മുന്നോട്ട് വരണമെന്നും കോൺഫറൻസ് ആഹ്വാനം ചെയ്തു. മനുഷ്യരുടെ ജീവിതമാണ് നാം തൊഴിലിന്റെ ഭാഗമായി കൈകാര്യം ചെയ്യുന്നതെന്ന ചിന്തയുണ്ടെങ്കിൽ നമ്മുടെ തൊഴിലിടങ്ങളിൽ മാനവികത വളർത്തിയെടുക്കാൻ സാധിക്കും.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി അധ്യക്ഷനായി. കേരള വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനിഷ് ഐ.എ.എസ് മുഖ്യാതിഥിയായി പങ്കെടുത്തു.

പീസ് റേഡിയോ സി.ഇ.ഒ. ഹാരിസ് ബിൻ സലീം പാനൽ ഡിസ്കഷന് നേതൃത്വം നൽകി. വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റും ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ ഡയറക്ടറുമായ ഫൈസൽ മൗലവി പുതുപ്പറമ്പ്, മുഹമ്മദ് സ്വാദിഖ് മദീനി, സി.പി.സലീം, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ യു. മുഹമ്മദ് മദനി, ഡോ. നസീഫ് പി.പി, ഡോ. ബഷീർ വി.പി, മുസ്തഫ മദനി, ജംഷീർ സ്വലാഹി, അബ്ദുല്ല അൻസാരി, വിസ്ഡം യൂത്ത് സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങളായ എ.പി.മുനവ്വർ സ്വലാഹി, അബ്ദുറഹ്മാൻ ചുങ്കത്തറ, തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ, യൂനുസ് പി, ഡോ. മുഹമ്മദ് മുബഷിർ ടി.സി, ഡോ. ഫഹീം, ഡോ. ഷഹദാദ്, ഡോ. ഫവാസ് ടി.കെ, ഡോ. മുഹമ്മദ് റഫീഖ്, ഡോ. മുഹമ്മദ് ഇഖ്ബാൽ, മുഹമ്മദ് അജ്മൽ സി, അഫ്സൽ എം, ഡോ. ഷബാസ് കെ അബ്ബാസ്, സഫ്‌വാൻ ബറാമി അൽഹികമി സംസാരിച്ചു. ■

## സംസ്ഥാനത്ത് വയോജന സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കണം: വിസ്ഡം മലപ്പുറം നോർത്ത് ജില്ല ഫാമിലി കോൺഫറൻസ്

അരീക്കോട്: വയോജന സംരക്ഷണത്തിനായുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറം നോർത്ത് ജില്ല കമ്മിറ്റി സംഘടിപ്പിച്ച ഫാമിലി കോൺഫറൻസ് ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വയോജന സൗഹാർദാന്തരീക്ഷം നഷ്ടപ്പെട്ട് വരുന്നത് സർക്കാർ ഗൗരവമായി കാണണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും സഹകരണത്തോടെ വയോജനങ്ങൾക്കായുള്ള ക്ഷേമപദ്ധതികളും, ആരോഗ്യ സംരക്ഷണ പദ്ധതികളും ക്രിയാത്മകമായി ആവിഷ്ക്കരിക്കണം. വയോജന സംരക്ഷണത്തിന്റെ പ്രാധാന്യവും, ആവശ്യകതയും സംബന്ധിച്ച് പുതു തലമുറയിൽ ബോധവൽക്കരണം ശക്തമാക്കണം. വിശ്വാസ വിശുദ്ധി, സംതൃപ്ത കുടുംബം എന്ന പ്രമേയത്തിലാണ് ഫാമിലി കോൺഫറൻസ് സംഘടിപ്പിച്ചത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസി. പി.എൻ അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസി. അബ്ദുൽ ഖാദിർ പറവണ്ണ അധ്യക്ഷത വഹിച്ചു. പി.കെ ബഷീർ എം .എൽ.എ മുഖ്യാതിഥിയായിരുന്നു. വിസ്ഡം സംസ്ഥാന വൈസ് പ്രസി. കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ്, പീസ് റേഡിയോ സി.ഇ.ഒ പ്രൊഫ. ഹാരിസ് ബിൻ സലിം, റഷീദ് കുട്ടമ്പൂർ, ഹുസൈൻ സലഫി ഷാർജ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. അരീക്കോട് പഞ്ചായത്ത് പ്രസി. നൗഷർ കല്ലട, കെ.പി.നൗഷാദലി (കെ.പി.സി.സി), ഷാദിൽ.കെ (സി.പി.എം), വിസ്ഡം ജില്ലാ സെക്രട്ടറി കെ.ടി.എം ഷാജഹാൻ സ്വലാഹി, വിസ്ഡം യൂത്ത് ജില്ലാ പ്രസി. ഡോ.കെ.എം.അബ്ദുൽ ഖാദിർ, വിസ്ഡം സ്റ്റുഡന്റ്സ് ജില്ലാ പ്രസി. വി.ടി സജീർ കാരാപറമ്പ്, വിസ്ഡം അരീക്കോട് മണ്ഡലം സെക്രട്ടറി മുസ്തഫ കാരാട്ടിൽ എന്നിവർ സംസാരിച്ചു. ■

# ചങ്ങലയ്ക്കു ഭ്രാന്തു പിടിക്കും കാലം!

അക്രമം കാട്ടുന്ന ഭ്രാന്തന്മാരെ ചങ്ങലക്കിടാം. എന്നാൽ ചങ്ങലക്കുതന്നെ ഭ്രാന്തു പിടിച്ചാലോ? രാജ്യം ഭരിക്കുന്ന ഭരണാധികാരികളും നിയമപാലകരും നീതിപീഠവും ഉന്നതോദ്യോഗസ്ഥരുമെല്ലാം ഏതെങ്കിലും മതത്തിന്റെ പക്ഷം ചേർന്ന് അവരുടെ സ്വന്തക്കാരായി വർത്തിക്കുകയും മറ്റുള്ളവരെ ശത്രുപക്ഷക്കാരായി കാണുകയും അവർക്ക് നീതി നിഷേധിക്കുകയും അവരെ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുവാനൊരുങ്ങിയാൽ എന്തായിരിക്കും നാടിന്റെ അവസ്ഥ? അങ്ങനെയൊരവസ്ഥ ഉണ്ടാകാതിരിക്കട്ടെ എന്നു പ്രാർഥിക്കാം.

എന്നാൽ അത്തരം ദുരവസ്ഥയിലേക്ക് നമ്മുടെ രാജ്യം പതിയെ നീങ്ങിക്കൊണ്ടിരിക്കുന്നു എന്നതിന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് വർഷങ്ങളായി പുറത്തുവരുന്ന ഒട്ടേറെ സംഭവവികാസങ്ങൾ തെളിവാണ്. ജനങ്ങളെ ജാതിയും മതവും ഭാഷയും പറഞ്ഞ് ഭിന്നിപ്പിച്ചും തങ്ങളുടെ നിലനിൽപിനുതന്നെ ചിലർ ഭീഷണിയാണെന്നു പറഞ്ഞ് ഒന്നിച്ചു കഴിയുന്നവരെ ശത്രുക്കളാക്കി മാറ്റിയും ഭരണം ഉറപ്പിക്കുന്നവർ ഭ്രാന്തുപിടിച്ച ചങ്ങലകളാണെന്നതിൽ സംശയമില്ല.

ജനാധിപത്യ ഇന്ത്യയിലെ ഉന്നത ഉദ്യോഗം വഹിക്കുന്നവരാണ് ഐഎഎസ്, ഐപിഎസ് ഡിഗ്രി കരസ്ഥമാക്കിയവർ. ഭരണ സിരാകേന്ദ്രങ്ങളിലെ കുഞ്ചികസ്ഥാനം വഹിക്കുന്നവരാണവർ. വർഗീയ ചിന്താഗതിക്കാരായി അവർ മാറിയാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് മാരകമായിരിക്കും. ജോലിയിൽനിന്നും വിരമിച്ച ശേഷം ഇത്തരം ചില വമ്പന്മാർ തങ്ങളുടെ തിനിനിറം കാണിച്ചതായി നമുക്കറിയാം. എന്നാൽ കേരളത്തിൽ ഇത്തരം ചിന്താഗതിക്കാരായ ഉന്നതർ ജോലിചെയ്യുന്നതായി ബോധ്യപ്പെടുത്തുന്നതാണ് ഒരു ഐഎഎസ് ഉദ്യോഗസ്ഥൻ മതാടിസ്ഥാനത്തിൽ വാട്സാപ് ഗ്രൂപ്പുണ്ടാക്കിയ സംഭവം.

മതാടിസ്ഥാനത്തിൽ സിവിൽ സർവിസ് ഉദ്യോഗസ്ഥർക്കിടയിൽ വാട്സ്ആപ് ഗ്രൂപ്പ് സൃഷ്ടിക്കുകയും പിടിക്കപ്പെടുമെന്നായപ്പോൾ തെളിവ് നശിപ്പിക്കുകയും ചെയ്തത് വ്യവസായ ഡയറക്ടറായ കെ. ഗോപാലകൃഷ്ണനാണ്. അദ്ദേഹത്തെ സസ്പെൻഡ് ചെയ്തെങ്കിലും വാട്സ്ആപ് ഗ്രൂപ്പിൽ അംഗങ്ങളാക്കിയ ആരുടെയെങ്കിലും പരാതിയില്ലാതെ കേസെടുക്കാനാവില്ലെന്ന വിചിത്ര നിലപാടിലാണ് പൊലീസ്. സിവിൽ സർവിസ് ഉദ്യോഗസ്ഥർക്കിടയിൽ വർഗീയ ചേരിതിരിവും ഭിന്നതയും അനൈക്യവും ഉണ്ടാക്കാനും ഐക്യം തകർക്കാനും ഉദ്ദേശിച്ചാണ് ഗോപാലകൃഷ്ണൻ വാട്സ്ആപ് ഗ്രൂപ്പുണ്ടാക്കിയതെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയതായി ചീഫ് സെക്രട്ടറിയുടെ സസ്പെൻഷൻ ഉത്തരവിൽ പറയുന്നു.

സർവിസിലെ ഉന്നത ഉദ്യോഗസ്ഥരടക്കം ഹിന്ദുമത വിഭാഗത്തിലുള്ളവരെ മാത്രം അംഗങ്ങളാക്കിയായിരുന്നു ‘ഹിന്ദു മല്ലു ഓഫിസേഴ്സ്’ ഗ്രൂപ്പ് ഉണ്ടാക്കിയത്. ഇത് വിവാദമായതോടെ അത് ഡിലീറ്റ് ചെയ്ത് തൊട്ടടുത്ത ദിവസം മുസ്‌ലിം മതവിഭാഗത്തിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ‘മല്ലു മുസ്‌ലിം ഓഫിസേഴ്സ്’ എന്ന മറ്റൊരു ഗ്രൂപ്പും ഉണ്ടാക്കി ഡിലീറ്റ് ചെയ്തു. ഫോൺ ഹാക്ക് ചെയ്ത് തന്റെ ഫോണിലെ നമ്പറുകൾ 11 വാട്സ്ആപ് ഗ്രൂപ്പുകളിലേക്ക് ചേർത്തു എന്നായിരുന്നു ഗോപാലകൃഷ്ണന്റെ വിശദീകരണം. ഗോപാലകൃഷ്ണന്റെ ഫോൺ ഹാക്ക് ചെയ്തിട്ടില്ലെന്നാണ് ഗൂഗിളും മെറ്റയും ഇന്റർനെറ്റ് സേവന ദാതാവും നൽകിയ റിപ്പോർട്ട്. ഹാക്കിങ് നടന്നിട്ടില്ലെന്ന ഫോറൻസിക് പരിശോധന ഫലവും പൊലീസിന് ലഭിച്ചിട്ടുണ്ട്. ഗൗരവമേറിയ സംഭവമായിട്ടും ഗോപാലകൃഷ്ണൻ നാല് ദിവസം കഴിഞ്ഞാണ് പൊലീസിൽ പരാതി നൽകിയത്. പരാതി നൽകിയതിന് പിന്നാലെ ഫോണുകൾ ഫോർമാറ്റ് ചെയ്താണ് പൊലീസിന് കൈമാറിയത്. ഇതെല്ലാം അവഗണിച്ചാണ് കേസെടുക്കാതെ ഗോപാലകൃഷ്ണന് സർക്കാർ സംരക്ഷണമൊരുക്കുന്നത്.

ഹാക്കിങ് നടന്നിട്ടില്ലെന്ന് ഉറപ്പിച്ചെങ്കിലും, പരിശോധനയ്ക്കായി കൈമാറുന്നതിനു മുമ്പ് ഫോൺ ഫോർമാറ്റ് ചെയ്ത് വിവരങ്ങളെല്ലാം ഗോപാലകൃഷ്ണൻ നീക്കിയതിനാൽ ഗ്രൂപ്പുണ്ടാക്കിയതിൽ അദ്ദേഹത്തിന്റെ പങ്ക് തെളിയിക്കാനാവില്ലെന്ന നിലപാടിലാണു പൊലീസ്. അതേസമയം, ഗ്രൂപ്പുണ്ടാക്കിയത് ഗോപാലകൃഷ്ണൻ തന്നെയാണെന്നു ചീഫ് സെക്രട്ടറിയുടെ ഉത്തരവിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. നിയമോപദേശം ലഭിച്ചിട്ടില്ലെന്ന കാരണം പറഞ്ഞാണ് പൊലീസ് കേസെടുക്കുന്നത് നീട്ടിക്കൊണ്ടു പോകുന്നത്. ■

റഹ്മാൻ മധുരക്കുഴി



# മലപ്പുറത്തിന്റെ മണ്ണിൽ വർഗീയത ചികയുന്നവരോട്

മലപ്പുറം ജില്ലയിൽ സ്വർണക്കള്ളക്കടത്തിലും ഹവാല പണമിടപാടുകളിലും പിടിയിലാകുന്നവരിൽ 99 ശതമാനവും മുസ്‌ലിംകളാണെന്ന കെ.ടി.ജലീലിന്റെ പ്രസ്താവന ഒരു നാടിനെയും സമുദായത്തെയും അപകീർത്തിപ്പെടുത്തുന്നതാണെന്ന വിമർശനം ഉയർന്നുവന്നിരിക്കയാണ്. മലപ്പുറം ജില്ലയുടെ രൂപീകരണനാൾ മുതൽ തുടങ്ങിയതാണ് സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളിൽനിന്നും ആ ജില്ലക്കെതിരെയുള്ള അപവാദ പ്രചാരണങ്ങൾ.

മലപ്പുറം ഉപതെരഞ്ഞെടുപ്പിൽ പണ്ട് യു.ഡി.എഫ് സ്ഥാനാർഥി വിജയിച്ചപ്പോൾ ആ വിജയം വംശീയതയുടെ വിജയമാണെന്ന് സി.പി.എം തട്ടിവിടുകയുണ്ടായി. കാരണം പറഞ്ഞത് ജില്ലയിലെ വോട്ടർമാരിൽ ഭൂരിപക്ഷവും മുസ്‌ലിംകളാണ് എന്നതായിരുന്നു. എന്നാൽ ജില്ലയിലെ ഭൂരിപക്ഷം മുസ്‌ലിംകളും ടി.കെ.ഹംസക്ക് വോട്ടുചെയ്ത് ടിയാൻ ജയിച്ചപ്പോൾ അത് മതേതരത്വത്തിന്റെ വിജയമെന്നായിരുന്നു സി.പി.എം ഉദ്ഘോഷിച്ചത്.

മത സൗഹാർദത്തിന്റെയും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും കേളീരംഗമായ ഒരു പ്രദേശത്തെ അപ്പാടെ വർഗീയതയുടെ കേന്ദ്രമെന്ന് വിശേഷിപ്പിക്കുന്നതിൽ മുൻപന്തിയിൽ നിലയുറപ്പിച്ചിരുന്നത് സംഘപരിവാരങ്ങളായിരുന്നു. കേരളത്തിൽ - പ്രത്യേകിച്ച് മലപ്പുറത്ത്-ന്യൂനപക്ഷ ഹിന്ദുസമൂഹം സുരക്ഷിതരല്ലെന്നും ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ മലപ്പുറത്ത് സ്ഥിരം പട്ടാളക്യാമ്പ് സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടണമെന്നും ബി.ജെ.പി ദേശീയ നിർവാഹക സമി തി അംഗം പി.കെ.കൃഷ്ണദാസ് ഒരിക്കൽ ആവശ്യപ്പെടുകയുണ്ടായി. (മാതൃഭൂമി 21.04.2018).

ഇന്ത്യാരാജ്യത്ത് മതസൗഹാർദവും സാമുദായിക മൈത്രിയും ഏറ്റവും ഉയർന്നതോതിൽ നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം എന്നത് പരക്കെ അംഗീകരിക്കപ്പെട്ട യാഥാർഥ്യമാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നൂറുകണക്കിന് വർഗീയ കലാപങ്ങൾ നടമാടിയപ്പോൾ കാര്യമായ ഒരു കലാപവും നടക്കാതെ നിലനിന്നുപോന്ന സംസ്ഥാനമാണ് സൗഹൃദകേരളം. ലോക രാഷ്ട്രങ്ങളിൽ രാജ്യത്തിന്റെ യശസ്സിന് കളങ്കം ചാർത്തിയ ബാബരി മസ്ജിദ് ധ്വംസനത്തോടനുബന്ധിച്ച് രാജ്യത്തിന്റെ പല ഭാഗത്തും അനിഷ്ട സംഭവങ്ങൾ അരങ്ങേറിയപ്പോഴും കേരളം വ്യത്യസ്തമായ ചിത്രമാണ് കാഴ്ചവെ

> ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് ഏറ്റവും കൂടുതൽ ഇസ്‌ലാമിക സംഘടനകളും സ്ഥാപനങ്ങളുമുള്ള സംസ്ഥാനമായ കേരളമാണ് വർഗീയ കലാപങ്ങൾ ഏറ്റവും കുറഞ്ഞ സ്ഥലമെന്നും, ഇന്ത്യയിൽ ജീവിക്കാൻ ഏറ്റവും സുരക്ഷിതത്വമുള്ള സ്ഥലമെന്നും ഡി.ജി.പിമാരുടെ വാർഷിക ദേശീയ കോൺഫറൻസിൽ ഇന്റലിജൻസ് ബ്യൂറോ സമർപ്പിച്ച റിപ്പോർട്ട് (ന്യൂ ഇന്ത്യൻ എക്സ്പ്രസ്, 2002 നവംബർ 19) അനിഷേധ്യമായ ഈ യാഥാർഥ്യമാണ് ഉദ്ഘോഷിക്കുന്നത്. ഇന്റലിജൻസ് വിഭാഗം സമർപ്പിച്ച ഉപരിസൂചിത റിപ്പോർട്ടിൽ പറയുന്ന കേരളത്തിലെ 14 ജില്ലകളിൽ മുസ്‌ലിം ജനസംഖ്യയിലും ഇസ്‌ലാമിക സംഘടനകളുടെയും മുസ്‌ലിം സ്ഥാപനങ്ങളുടെയും ആധിക്യത്തിലും പ്രഥമസ്ഥാനം വഹിക്കുന്ന മലപ്പുറം ജില്ലയാണ് മതസൗഹാർദത്തിലും മുന്നിൽ നിൽക്കുന്നതെന്ന് അനുഭവസ്ഥർ ഉച്ചത്തിൽ വിളിച്ചുപറയുന്നു.

ച്ചത്. ഈ സൗഹാർദാന്തരീക്ഷം കോട്ടംതട്ടാതെ കേരളം ഇപ്പോഴും കാത്തുസൂക്ഷിക്കുന്നു.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് ഏറ്റവും കൂടുതൽ ഇസ്‌ലാമിക സംഘടനകളും സ്ഥാപനങ്ങളുമുള്ള സംസ്ഥാനമായ കേരളമാണ് വർഗീയ കലാപങ്ങൾ ഏറ്റവും കുറഞ്ഞ സ്ഥലമെന്നും, ഇന്ത്യയിൽ ജീവിക്കാൻ ഏറ്റവും സുരക്ഷിതത്വമുള്ള സ്ഥലമെന്നും ഡി.ജി.പിമാരുടെ വാർഷിക ദേശീയ കോൺഫറൻ സിൽ ഇന്റലിജൻസ് ബ്യൂറോ സമർപ്പിച്ച റിപ്പോർട്ട് (ന്യൂ ഇന്ത്യൻ എക്സ്പ്രസ്, 2002 നവംബർ 19) അനിഷേധ്യമായ ഈ യാഥാർഥ്യമാണ് ഉദ്ഘോഷിക്കുന്നത്.

ഇന്റലിജൻസ് വിഭാഗം സമർപ്പിച്ച ഉപരിസൂചിത റിപ്പോർട്ടിൽ പറയുന്ന കേരളത്തിലെ 14 ജില്ലകളിൽ മുസ്‌ലിം ജനസംഖ്യയിലും ഇസ്‌ലാമിക സംഘടനകളുടെയും മുസ്‌ലിം സ്ഥാപനങ്ങളുടെയും ആധിക്യത്തിലും പ്രഥമസ്ഥാനം വഹിക്കുന്ന മലപ്പുറം ജില്ലയാണ് മതസൗഹാർദത്തിലും മുന്നിൽ നിൽക്കുന്നതെന്ന് അനുഭവസ്ഥർ ഉച്ചത്തിൽ വിളിച്ചുപറയുന്നു.

ഏതാനും വർഷം മലപ്പുറം ജില്ലയിൽ സേവനമനുഷ്ഠിച്ച മുൻ പോലീസ് സൂപ്രണ്ട് സേതുരാമൻ പറയുന്നത് നോക്കൂ: "4 വർഷം മലപ്പുറത്തെ പോലീസ് തലപ്പത്തിരുന്നതിന്റെ അനുഭവത്തിൽ മുസ്‌ലിംകളുടെ എണ്ണം കൂടിയാൽ എല്ലാ അർഥത്തിലും ജീവിക്കാൻ നല്ല മണ്ണായി കേരളം മാറുമെന്ന് പറയാനാവും. പരസ്പര സഹായത്തിന് എപ്പോഴും തയ്യാറാവുന്ന പച്ച മലയാളിയെ മാത്രമെ മലപ്പുറത്ത് കാണാനാവൂ. ദക്ഷിണേന്ത്യയിലെ മുസ്‌ലിം ഭൂരിപക്ഷ ജില്ലയായ മലപ്പുറത്ത് സാമുദായിക ലഹളയുടെ ചരിത്രമേയില്ല" (സേതുരാമന്റെ ഫേസ്ബുക്ക് പോസ്റ്റിൽനിന്ന്, ഉദ്ധരണം; മാധ്യമം 11.7.2007).

മലപ്പുറം എസ്.പി.യായിരുന്ന തരുൺ കുമാറിന്റെ വാക്കുകളിങ്ങനെ: "കഴിഞ്ഞകാലത്തെ എന്റെ സേവന ജീവിതത്തിൽ മലപ്പുറത്തുള്ളവരെ പോലുള്ള നല്ല മനുഷ്യരെ കണ്ടിട്ടില്ല. ഭാവിയിലും കാണാൻ കഴിയില്ല. ഇരു വിഭാഗത്തെയും അക്രമികൾ ഏറെ പ്രകോപനങ്ങൾ ഉണ്ടാക്കിയിട്ടും ഇത് കലാപമായി പടരാതിരുന്നത് മലപ്പുറത്തായതുകൊണ്ട് മാത്രമാണ്. മറ്റെവിടെയായിരുന്നാലും ഒരു കലാപത്തിന് മതിയായ കാരണമാകുമായിരുന്നു" (തിരൂരിൽ നടന്ന സർവകക്ഷി യോഗത്തിലെ പ്രസംഗത്തിൽനിന്ന്).

മലപ്പുറത്തിന് ഭീകരതയുടെ ഭയപ്പാടുണ്ടെന്ന പ്രചാരണത്തിന് വലിയ പഴക്കമുണ്ടെന്നും എന്നാൽ ഈ പ്രചരണം ശുദ്ധ അസംബന്ധമാണെന്നും അതിൽ അനുഭവമാണ് തന്റെ ഗുരുവെന്നുമാണ് പ്രശസ്ത കവി മണമ്പൂർ രാജൻ ബാബു ആണയിട്ട് പറയുന്നത്. മലപ്പുറം ജില്ലയിലെ ഭൂരിപക്ഷം മുസ്‌ലിംകളും തീവ്രമായ മതവികാരത്തിനോ വിഭാഗീയതക്കോ വശംവദരല്ലെന്നാണ് ദേശാഭിമാനി മുഖ്യലേഖകൻ പി.എം.മനോജ് നിരീക്ഷിക്കുന്നത്. (ദേശാഭിമാനി 14.01.2002).

'മലപ്പുറം, മധുരിക്കുന്ന ഓർമകൾ' എന്ന ശീർഷകത്തിൽ വി.എസ് ബാലകൃഷ്ണപിള്ള മാധ്യമത്തിൽ എഴുതി: "മലപ്പുറം ബ്ലോക്കിലെ ഒരു ഉദ്യാഗസ്ഥനായി 5 വർഷം മലപ്പുറത്ത് ജോലി ചെയ്തിരുന്ന എനിക്ക് മലപ്പുറത്തുകാരിൽനിന്ന് ലഭിച്ച സ്നേഹോഷ്മളമായ പെരുമാറ്റവും മലബാർ കലാപകാലത്ത് ബ്രിട്ടീഷ് സൈന്യത്തിന്റെ ആക്രമണത്തിൽനിന്ന് പല ഹിന്ദു കുടുംബങ്ങളേയും സംരക്ഷിച്ച മുസ്‌ലിം യോദ്ധാക്കളുടെ മതേതര മനോഭാവവും ഏറെ പ്രശംസനീയമാണ്."

മലപ്പുറം ജില്ലയിലെ സ്വർണം കള്ളക്കടത്ത്-ഹവാലക്കാരിൽ ഭൂരിപക്ഷവും മുസ്‌ലിംകളാണെന്ന് പ്രസ്താവിച്ച വ്യക്തി 'മലപ്പുറം ജില്ലയിൽ മദ്യത്തിന്റെ ഉപയോഗം താരതമ്യേന കുറവാണെന്നും പലിശ വാങ്ങാത്തവരാണ് വളരെയേറെ പേരെന്നും അതൊക്കെ മതപരമായ ചിട്ടയുടെകൂടി ഫലമാണെന്നും' (കെ.ടി.ജലീൽ മാതൃഭൂമി 8.10.2024) പറയാൻ സന്മനസ്സ് കാണിച്ചിരിക്കുന്നു. ആത്മഹത്യ ഏറ്റവും കുറഞ്ഞ ജില്ല മുസ്‌ലിം ഭൂരിപക്ഷ മലപ്പുറം ജില്ലയാണെന്നും, വൃദ്ധസദനങ്ങൾ വിരലിലെണ്ണാവുന്നത്രയേ ഇവിടെയു ള്ളുവെന്നുമുള്ള വിവരം മുൻ മന്ത്രിയുടെ അറിവിലേക്കായി ഇവിടെ കുറിച്ചുകൊള്ളുന്നു. ■

ദുൽക്കർഷാൻ അലനല്ലൂർ
: 9447745299

# ഹദീസ് വിരോധത്തിലെ അപകടങ്ങൾ



സ്ത്രീകളെ പള്ളിയിൽ പോകുന്നതിൽ നിന്നും തടയാൻ പാടില്ലെന്ന് നബി(സ്വ) പഠിപ്പിച്ച ഹദീസ് കേൾപിച്ചപ്പോൾ അബ്ദുല്ലാഹിബ്നു ഉമറി(റ)ന്റെ മകൻ പറഞ്ഞു: 'അല്ലാഹുവാണെ സത്യം, ഞങ്ങൾ തടയുകതന്നെ ചെയ്യും!' ഇബ്നു ഉമർ(റ) അന്നേരം കോപിക്കുകയും ശക്തമായി ശകാരിക്കുകയും ചെയ്തു എന്ന് ഹദീസിൽ കാണാം. 'റസൂൽ(സ്വ) ഇന്ന പ്രകാരം പറഞ്ഞിരിക്കുന്നു എന്ന് ഞാൻ പറയുമ്പോൾ തടയും എന്ന് നീ പറയുകയോ' എന്നായിരുന്നു ഇബ്നു ഉമർ(റ) മകനോട് ചോദിച്ചത്. വേട്ടക്ക് കല്ലെടുത്തെറിയുന്നതായി ചില ആളുകളെ അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ(റ) കണ്ടപ്പോൾ അ ങ്ങനെ ചെയ്യരുതെന്നും നബി(സ്വ) അത് വിലക്കിയിട്ടുണ്ടെന്നും പറഞ്ഞുകൊടുത്തു. കാരണം കല്ലെടുത്തെറിഞ്ഞാൽ വേട്ടമൃഗത്തെ നേടാൻ കഴിയില്ല; മറിച്ച് കണ്ണ് നശിക്കുകയും പല്ല് പൊട്ടുകയും ചെയ്യുമെന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്. ഈ ഉപദേശം നൽകി അദ്ദേഹം പോയി. വീണ്ടും ഈ ആളുകൾ ഇതാവർത്തിക്കുന്നത് കണ്ടപ്പോൾ അബ്ദില്ലാഹിബ്നു മുഖഫ്ഫൽ(റ) പറഞ്ഞു: 'ഇനി ഞാൻ നിങ്ങളോട് സംസാരിക്കുകയേ ഇല്ല. നബി(സ്വ) ഒരു കാര്യം ചെയ്യരുതെന്ന് പറഞ്ഞിട്ടും നിങ്ങൾ ചെയ്യുകയോ?' പ്രവാചക വചനങ്ങളെ ധിക്കരിക്കുന്നവരോടുള്ള മുൻഗാമികളുടെ സമീപനം ഈ നിലക്കായിരുന്നു. പക്ഷേ, സലഫിയ്യത്ത് എന്നത് ഇന്ന് പേരിൽ മാത്രം ഒതുങ്ങി. ശത്രുവിനെ അടിക്കാനുള്ള വടിയായി മാത്രം സലഫി മൻഹജിനെ സ്വീകരിച്ചു. ഹദീസിനോട് മുൻഗാമികൾ കാണിച്ച ജാഗ്രതയും താൽപര്യവും ഇന്ന് പലർക്കും ഇല്ലാതായി! അല്ലാഹുവിൽ അഭയം' (ഹദീസ്: പ്രസക്തി, പ്രാമാണികത, നിഷേധം. ഫദ്‌ലുൽ ഹഖ് ഉമരി ആമയൂർ, പേജ്:20-25).

ഹദീസ് നിഷേധത്തിന്റെ തുടക്കവും തുടക്കക്കാരെയും ചരിത്രത്തിൽ നമുക്ക് കാണാനാവും.

ഉത്തമ ജനതയെന്ന് പ്രവാചകൻ (സ്വ) വിശേഷിപ്പിച്ച ആദ്യമൂന്ന് തലമുറകൾ ജീവിച്ചകാലത്തു തന്നെ ചിലയാളുകൾക്കിടയിൽ ഹദീസിനെ സംബന്ധിച്ച് ചില അഭിപ്രായങ്ങൾ ഉയർന്നുവന്നിരുന്നു. എന്നാൽ അത്തരം വിഘടിത ശബ്ദങ്ങൾ തികച്ചും ഒറ്റപ്പെട്ടതായിരുന്നു. മുഹമ്മദ് മുസ്ഥഫാ അഅ്ളമി തന്റെ 'ദിറാസതുൻ ഫിൽ ഹദീസിന്നബവി വതാരീഖി തദ്‌വീനിഹി' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: "സ്വഹാബികളുടെ കാലത്ത് സുന്നത്തുകളെ മതപ്രമാണമായി പരിഗണിക്കാത്ത ചില ഒറ്റപ്പെട്ട വ്യക്തികൾ കാണപ്പെട്ടിരുന്നു" (പേജ്-22).

ഇമാം ഹസനുൽ ബസ്വരി(റഹി) പറയുന്നു: "ഇംറാനുബ്നുൽ ഹുസൈൻ പ്രവാചകന്റെ സുന്നത്തുകളെ സംബന്ധിച്ച് സംസാരിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തോട് ഒരാൾ പറഞ്ഞു: 'ഓ, അബാനജീദ്! ക്വുർആനെ സംബന്ധിച്ച് ഞങ്ങളോട് സംസാരിക്കൂ! അപ്പോൾ ഇംറാൻ ചോദിച്ചു: 'നീയും നിന്റെ ആളുകളും ക്വുർആൻ പാരായണം ചെയ്യുന്നവരാണല്ലോ. എങ്കിൽ നമസ്കാരത്തിന്റെ വിധികളെകുറിച്ചും, ഒട്ടകത്തിനും ആടിനും എത്ര സകാത്ത് നൽകണമെന്നതിനെ സംബന്ധിച്ചും അതിൽ പറഞ്ഞത് നീ കണ്ടിട്ടുണ്ടെങ്കിൽ അതെനിക്ക് പറഞ്ഞുതരിക. നിനക്കത് കാണാൻ സാധ്യമല്ല തീർച്ച! എന്നാൽ ഞങ്ങൾ അത് കണ്ടിട്ടുണ്ട്. റസൂലുല്ലാഹി(സ്വ) ഇന്നയിന്ന പ്രകാരം ഞങ്ങളോടാ കാര്യം കൽപിച്ചിട്ടുണ്ട്.' ആ മനുഷ്യൻ പറഞ്ഞു: 'നിങ്ങളെന്റെ കണ്ണ് തുറപ്പിച്ചു. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ!' ഹുസൈൻ(റ) തുടർന്നു പറയുന്നു: 'ആ മനുഷ്യൻ അവസാനം ഒരു മുസ്‌ലിം ഫക്വീഹ് ആയിട്ടാണ് മരിച്ചത്" (അൽമുസ്തദ്റഖ് 1/109,110).

ഈ സംഭവത്തിൽനിന്നും അക്കാലത്തുതന്നെ ഹദീസിനോട് വേണ്ടത്ര താൽപര്യം കാണിക്കാത്ത ചില ഒറ്റപ്പെട്ട വ്യക്തികളുണ്ടായിരുന്നു എന്ന് തെളിയുന്നു. ഇതിന് സമാനമായ മറ്റൊരു സംഭവം ഉമയ്യത്ത്ബ്നു ഖാലിദിൽനിന്നും ഉണ്ടായി. അദ്ദേഹം ഇബ്നുഉമറി(റ)നോട് ഒരിക്കൽ ചോദിച്ചു: 'നമ്മൾ നാട്ടിലുണ്ടാകുമ്പോഴുള്ള നമസ്കാരത്തെക്കുറിച്ചും ഭയത്തിന്റെ അവസ്ഥയിലുള്ള നമസ്കാരത്തെ സംബന്ധിച്ചും ക്വുർആനിൽ കാണുന്നുണ്ട്. എന്നാൽ യാത്രയിലുള്ള നമസ്കാരത്തെപ്പറ്റി അതിൽ കാണുന്നില്ലല്ലോ!' ഇബ്നു ഉമർ(റ) പറഞ്ഞു: 'നമുക്കൊന്നുമറിയാത്ത അവസ്ഥയിൽ അല്ലാഹു അവന്റെ പ്രവാചകനെ നമ്മിലേക്കയച്ചു. അവിടുന്ന് എപ്രകാരമായിരുന്നോ അപ്രകാരം നാമും പ്രവർത്തിക്കുന്നു.'

യാത്രയിൽ ഒരാൾക്ക് ചുരുക്കി നമസ്കരിക്കാമെന്ന് ക്വുർആൻ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സത്യനിഷേധികൾ നിങ്ങളെ കുഴപ്പത്തിലകപ്പെടുത്തുമ്പോൾ എന്ന നിബന്ധന വെച്ചിട്ടുണ്ടെന്നാണ് ചിലർ പറയാറുള്ളത്. എന്നാൽ ഭയപ്പാടില്ലാത്ത അവസരത്തിലും ചുരുക്കി നമസ്കരിക്കാമെന്ന് നബി(സ്വ) നമുക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്. അതിൽനിന്നുതന്നെ ഭയപ്പാടില്ലാത്ത യാത്രയിലും നമസ്കാരം ചുരുക്കാമെന്ന് വ്യക്തമാകുന്നുണ്ട്. (യാത്രയിലെ നമസ്കാരം ക്വുർആൻ വിവരിച്ചിട്ടില്ലെങ്കിലും ക്വുർആൻ വിശദീകരിച്ച പ്രവാചകനത് വിശദീകരിച്ചിട്ടുണ്ടെന്ന് സാരം) (അൽമുസ്തദ്റക്: 1/258).

കാലക്രമേണ ഇത്തരം ഒറ്റപ്പെട്ടവരുടെ എണ്ണം മെല്ലെ മെല്ലെ വ്യാപിക്കാൻ തുടങ്ങി. എത്രത്തോളമെന്നാൽ ഇമാം അയ്യൂബ്(റഹി) പറയുകയുണ്ടായി: "സുന്നത്തിനെ സംബന്ധിച്ച് സംസാരിക്കുന്ന ഒരാളോട് നീ അതു വിട്ട് ക്വുർആനിനെ കുറിച്ച് സംസാരിക്കുക എന്നൊരാൾ പറയുന്നത് നീ കേട്ടാൽ അവൻ വഴിപിഴച്ചവനും പിഴപ്പിക്കുന്നവനുമാണെന്ന് നീ മനസ്സിലാക്കണം' (അൽകിഫായ, പേജ് 16) (ഇമാം അയ്യൂബ്(റഹി) ഹിജ്റ 131ൽ മരണമടഞ്ഞ വ്യക്തിയാണ് എന്ന് ഇതിനോട് ചേർത്ത് വായിക്കുക).

ഹദീസിനെതിരെ ഇത്തരത്തിലുള്ള ഒറ്റപ്പെട്ട ശബ്ദങ്ങൾ ആദ്യമായി തലപൊക്കിയത് ഫിത്നയുടെ കേന്ദ്രമെന്ന് പ്രവാചകൻ(സ്വ) വിശേഷിപ്പിച്ച ഇറാഖിലായിരുന്നു. നേരത്തെ സൂചിപ്പിച്ച, ഇംറാനുബ്നുൽ ഹുസൈനോട് ഒരു വ്യക്തി ചോദിച്ചു എന്ന് പറഞ്ഞ സംഭവം ഇറാഖിലാണ് നടന്നത്. ഇംറാൻ ബസ്വറക്കാരനായിരുന്നുവെന്ന് ഇമാം ഇബ്നു ഹിബ്ബാൻ രേഖപ്പെടുത്തിയതായി കാണാം. (മശാഹീറു ഉലമാഇൽ അംസ്വാർ പേജ് 37). അപ്രകാരം തന്നെ ഇമാം അയ്യൂബും (68-131 ഹി) ബസ്വറക്കാരനായിരുന്നു. (അതേ ഗ്രന്ഥം). ഇമാം ശാഫിഈ(റഹി) ഹദീസ് നിഷേധികളെക്കുറിച്ച് പറഞ്ഞവരിൽ അധികവും ഇറാഖികളായിരുന്നു. (അസ്സുന്നത്തു വമകാനതുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി, പേജ് 143).

"തുടക്കത്തിൽ ഇത് ഒറ്റപ്പെട്ട അഭിപ്രായമായിരുന്നുവെങ്കിലും രണ്ടാം നൂറ്റാണ്ടിന്റെ അവസാനമായപ്പോ ഴേക്കും ഹദീസിനെ മൊത്തത്തിൽതന്നെ നിഷേധിക്കുന്ന, മുതവാത്തിറായ ഹദീസുകളെ മാത്രം അംഗീകരിക്കുന്ന ചിലയാളുകൾ രംഗത്ത് വന്നു. നിഷേധത്തിന്റെ ആ ശബ്ദം ഒരു പ്രത്യേക വിഭാഗമായിത്തീരുന്നതാണ് പിന്നീട് നാം കാണുന്നത്" (ഹദീസ് നിഷേധം അന്നും ഇന്നും, അബ്ദുൽ മാലിക് സലഫി മൊറയൂർ, പേജ് 11-13).

*(തുടരും)*

മുജീബ് ഒട്ടുമ്മൽ
: 97444 31890



മുനമ്പം വഖ്ഫ് ഭൂമിയുമായി ബന്ധപ്പെട്ട വിവാദം പല തലങ്ങളിലേക്കും വ്യാപിക്കുകയാണ്. സർക്കാരിന്റെ ദുരൂഹമായ മൗനത്തിൽ പോലും മുതലെടുപ്പിന്റെ രാഷ്ട്രീയം ദർശിക്കാൻ കഴിയും. ദരിദ്രരുടെ അവകാശങ്ങൾ സംരക്ഷിച്ച് കൊണ്ട് മുതലെടുപ്പുകാരെ കയ്യൊഴിയാൻ ഭരണകൂടവും നിയമസംവിധാനവും ആർജവം കാണിക്കണം.

# മുനമ്പം വഖ്ഫ് ഭൂമിയും ധ്രുവീകരണ രാഷ്ട്രീയവും

നിങ്ങൾക്ക് മാതാപിതാക്കളുണ്ടോ?’

‘തീർച്ചയായും!’

‘നിങ്ങൾ രക്ഷപ്പെടാൻ ശ്രമിച്ചാൽ, മുൻവശത്തെ വാതിൽ കടന്നുപോയി പതിനഞ്ച് മിനുട്ടിനകം അവർ നിങ്ങളുടെ മാതാപിതാക്കളെ കണ്ടെത്തി തൂക്കിലേറ്റും.’

‘ബുഷെൻവാൾഡ്’ നാസീ തടങ്കൽ പാളയത്തിൽവച്ച് ക്രൂരമായി മർദിക്കപ്പെട്ട് അവശനായി ജർമൻ നഴ്സുമാരുടെ മുന്നിൽ ചികിത്സാ പരിചരണത്തിനു വേണ്ടി എത്തിയ ‘എഡ്ഡി ജാക്കു’ എന്ന ജൂതനെ സ്വതന്ത്രനാക്കി വിട്ടപ്പോൾ രക്ഷപ്പെടാനുള്ള പഴുതന്വേഷിച്ചതിന്റെ സംഭാഷണശകലമാണ് നാം വായിച്ചത്.



കേരളത്തിലെ മുസ്‌ലിം സമുദായത്തിന്റെ അവസ്ഥ ഇന്ന് ഇതുപോലെയാണ്. ഏതൊരു പ്രശ്നവും സമുദായത്തെ കൂടുതൽ സങ്കീർണതയിലേക്കും അപരവൽകരണങ്ങളിലേക്കും എത്തിക്കുമെന്ന് എറണാകുളം ജില്ലയിലെ ചെറായിക്കടുത്ത മുനമ്പം വക്ഫ് സ്വത്തുമായി ബന്ധപ്പെട്ട ചർച്ച നമ്മെ ബോധ്യപ്പെടുത്തുന്നു.

2007ലെ ഇടതുപക്ഷ മുഖ്യമന്ത്രിയായ വിഎസ് അച്യുതാനന്ദന്റെ ഭരണകാലത്ത് പാലോളി മുഹമ്മദ് കുട്ടി വക്ഫ് മന്ത്രിയായിരിക്കെ ജസ്റ്റിസ് നിസാർ കമ്മീഷനെ നിയമിച്ചു. വക്ഫ് സ്വത്തിനെ കുറിച്ച് അന്വേഷിക്കാനായിരുന്നു കമ്മീഷൻ നിയോഗിക്കപ്പെട്ടത്. അന്യാധീനപ്പെട്ടുപോയ 23 കേസുകളെ കുറിച്ചുള്ള റിപ്പോർട്ടാണ് കമ്മീഷൻ സർക്കാറിന് മുന്നിൽ സമർപ്പിച്ചത്. ഏകദേശം രണ്ടുലക്ഷം കോടി വിലമതിക്കുന്ന സ്വത്തുവകകൾ അന്യാധീനപ്പെട്ടുപോയി എന്നാണ് കമ്മീഷൻ കണ്ടെത്തിയത്. 600 ഏക്കറോളം സ്ഥലവും അതിൽപെടുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. അതിൽ പ്രധാനം എറണാകുളത്തെ ചെറായിക്കടുത്തുള്ള മുനമ്പത്തെ 404.76 ഏക്കർ സ്ഥലമാണെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നുണ്ട്. കോഴിക്കോടുള്ള ഫറൂഖ് കോളേജിന് വേണ്ടി സിദ്ദീഖ് സേട്ട് എന്ന അതിസമ്പന്നൻ വക്ഫ് ചെയ്തതാണീ സ്ഥലം.

1950 നവംബർ ഒന്നിനാണ് ഇതിന്റെ രജിസ്ട്രേഷൻ നടന്നത്. ആധാരത്തിന്റെ ആദ്യ ഖണ്ഡിക ഇങ്ങനെയാണ്:

“ആയിരത്തിത്തൊള്ളായിരത്തി അമ്പതാം ആണ്ട് നവംബർ മാസം ഒന്നിന് ഇന്ത്യാഗവൺമെന്റ് സൊസൈറ്റി രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തു മദ്രാസ് സ്റ്റേഷനിൽ മലബാർ ജില്ല ഏറനാട് താലൂക്കിൽ ഫറോക്ക് അംശം നല്ലൂർ ദേശത്ത് ആഫീസ് സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്ന ഫാറൂഖ് കോളജ് മാനേജ്മെന്റ് കമ്മിറ്റിക്കു വേണ്ടി ടി. കമ്മിറ്റിയുടെ ഇന്നത്തെ പ്രസിഡന്റ് പാലക്കാട് ഒലവക്കോട് അംശം ദേശത്ത് കല്ലടിയിൽ മുസൽമാൻ മൊയ്തു സാഹിബ് മകൻ തടിക്കച്ചവടം 66 വയസ്സ് ഖാൻ ബഹദൂർ പി.കെ ഉണ്ണിക്കമ്മു സാഹിബ് അവർകളുടെ പേർക്ക് കൊച്ചി കണയത്തൂർ താലൂക്ക് മട്ടാഞ്ചേരി വില്ലേജ് ബംബ്ലാശ്ശേരി ബംഗ്ലാവ് ഇരിക്കും കച്ചിമേമൻ മുസൽമാൻ ഹാജി ഹാഷിം സേട്ട് മകൻ മുഹമ്മദ് സിദ്ദീഖ് സേട്ട് എഴുതിക്കൊടുത്ത വഖ്ഫ് ആധാരം....’

അതായത്, വക്ഫ് ചെയ്തു എന്ന് വാക്കാൽ പറഞ്ഞതല്ല. തന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖകളുമായി രജിസ്ട്രാർ ഓഫീസിൽ പോയി ഫറൂഖ് കോളേജ് കമ്മിറ്റിയുടെ പേരിൽ രജിസ്ട്രർ ചെയ്തു കൊടുത്തിട്ടുണ്ട്. അതാണ് വക്ഫ് നിയമം. അതിൽ 188 ഏക്കർ സ്ഥലം വിൽപന നടത്തിയതായും 22 ഏക്കർ സ്ഥലം കടലെടുത്തതായും ബാക്കി 196 ഏക്കർ

സ്ഥലം വേറെയായും കിടക്കുന്ന സമ്പത്തായാണ് കമ്മീഷൻ രേഖപ്പെടുത്തിയത്. കയ്യേറ്റം ചെയ്ത വക്ഫ് ഭൂമിയെ കുറിച്ചുള്ള റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയുണ്ടായി.

എന്നാൽ 1950ന് മുമ്പുതന്നെ മുനമ്പത്ത് കൈവശരേഖകളോടുകൂടി മത്സ്യത്തൊഴിലാളികൾ താമസിച്ചിരുന്നതായി അവകാശപ്പെടുന്നുണ്ട്. 1950 നവമ്പർ 1നാണ് സിദ്ദീഖ് സേട്ട് 404.76 ഏക്കർ സ്ഥലം ഫാറൂഖ് കോളേജിന് നൽകി ആധാരം രജിസ്റ്റർ ചെയ്തിരുന്നത്. വക്ഫ് ആധാരമാണെന്നാണ് അതിന് പേരു നൽകിയിരുന്നത്. എന്നാൽ അതിൽ രണ്ട് നിബന്ധനകൾ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതിലൊന്ന് വിദ്യാഭ്യാസ കാര്യങ്ങൾക്ക് വേണ്ടിയാണിത് ഉപയോഗിക്കേണ്ടത്, എന്നാൽ വിദ്യാഭ്യാസ വികസനത്തിനുവേണ്ടി ക്രയവിക്രയം ചെയ്യാൻ അനുവാദമുണ്ടായിരിക്കും. ബാക്കിവരുന്ന സ്ഥലം ഫാറൂഖ് കോളേജിന്റെ പ്രവർത്തനങ്ങൾ നിശ്ചലമായാൽ വാകിഫിനോ അദ്ദേഹത്തിന്റെ അനന്തരാവകാശികൾക്കോ തിരിച്ചെടുക്കാം എന്നതാണ് രണ്ടാമത്തേത്.

ഈ രണ്ട് നിബന്ധനകളും വക്ഫിന്റെ സ്വഭാവത്തെ ബാധിക്കുന്നതാണെന്നാണ് വിലയിരുത്തപ്പെടുന്നത്. തിരിച്ചെടുക്കാൻ പാടില്ലാത്തവിധം മറ്റു നിബന്ധനകളൊന്നുമില്ലാതെ ഒരു ലക്ഷ്യം മുൻനിറുത്തി അല്ലാഹുവിന് നൽകുന്ന ദാനമാണ് യഥാർഥത്തിൽ വക്ഫുകൊണ്ട് അർഥമാക്കുന്നത്. അതുകൊണ്ട് ഇത് ദാനമായി നൽകിയതിനുമപ്പുറം സ്ഥിരമായി നിലനിൽക്കുന്നതെല്ലന്ന വാദവും ഉണ്ട്. അതിനാൽ മുനമ്പത്തെ പ്രശ്നം നിലനിൽക്കുന്ന പ്രദേശം വക്ഫ് ഭൂമിയല്ലെന്ന അനുമാനവുമുണ്ട്.

1967ലും 75ലും ഭൂമിതർക്കമുണ്ടായപ്പോഴുള്ള ഹൈക്കോടതിയുടെ വിധിയിലും ഇത് കേവലം ദാനാധാരമാണെന്നാണ് വ്യവഹരിച്ചിട്ടുള്ളത്. ഫറൂഖ് കോളേജിന്റെ അഭിഭാഷകരായിരുന്ന അഡ്വ. എം.വി പോളും അഡ്വ. മൈക്കിളും ആയിരുന്നു ഭൂമി നോക്കിനടത്തിയിരുന്നത്. അവർക്ക് ഫറൂഖ് കോളേജ് പവർ ഓഫ് അറ്റോണി നൽകിയെന്നും അതുവെച്ച് മത്സ്യത്തൊഴിലാളികൾക്ക് ഭൂമി കൈമാറ്റം ചെയ്തുവെന്നും പറയപ്പെടുന്നു. 1989ൽ ജനങ്ങൾക്ക് താമസത്തിനായി മാർക്കറ്റ് നിലവാരത്തിലുള്ള വിൽപനയും നടന്നിട്ടുണ്ട്. കരം അടക്കാനുള്ള റവന്യൂ അധികാരവും അവിടുത്തെ താമസക്കാർക്ക് ലഭിച്ചിട്ടുണ്ടായിരുന്നു. കേവലം 300 മീറ്റർ അകലത്തിൽ കായലിനും കടലിനുമിടയിൽ 609 കുടുംബങ്ങളാണ് ഇപ്പോൾ അവിടെ താമസിക്കുന്നത്. കരം അടക്കാനുള്ള അവകാശം എടുത്ത് മാറ്റിയതോടുകൂടി മൽസ്യത്തൊഴിലാളികളായ ഈ കുടുംബങ്ങൾ പുതിയ ഭൂമി തർക്കത്തിൽ ആശങ്കയിലായിരിക്കുകയാണ്.

ഭരണ സംവിധാനത്തിന്റെ പ്രവർത്തനവും ഘടനയും അവലോകനം ചെയ്ത് പ്രതികരണശേഷിയും കാര്യക്ഷമതയും വർധിപ്പിക്കാനാവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്ന സർക്കാറിന്റെ ടേംസ് ഓഫ് റഫറൻസിൽ മറ്റു വിഷയങ്ങളോടൊപ്പം ഈ വിഷയവും കയറിവരികയായിരുന്നു. 2008ൽ നിസാർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടാണ് അതേവർഷം നവംബർ ആറിന് സർക്കാർ പരിഗണിച്ചിരുന്നത്.

എന്നാൽ ഈ വസ്തു കമ്മീഷൻ റിപ്പോർട്ടനുസരിച്ച് തിരിച്ചുപിടിക്കാൻ അധികാരമില്ലെന്നായിരുന്നു ഫറൂഖ് കോളേജ് അധികൃതരുടെ സമീപനം. എങ്കിലും അത് വകവെക്കാതെ 2010ൽ കാബിനെറ്റിൽ വയ്ക്കുകയും അംഗീകരിക്കുകയുമായിരുന്നു. പ്രശ്നങ്ങ

അവിടെ ഉടമസ്ഥത അവകാശപ്പെടുന്നവരെ കുറിച്ചും പഠന വിധേയമാക്കേണ്ടതുണ്ട്. അവർ മൂന്നു വിഭാഗക്കാരാണ്. അതിലൊന്ന് കുടിലുകൾ കെട്ടി താമസിക്കുന്ന പാവങ്ങളായ മത്സ്യത്തൊഴിലാളികളാണ്. രണ്ടാമത്തെ വിഭാഗം അന്യരുടെതാണ് എന്നറിഞ്ഞുകൊണ്ട് തന്നെ ഭൂമി കയ്യേറി താമസമാക്കിയവർ. മൂന്നാമത്തേതാകട്ടെ റിസോർട്ട് മാഫിയകളുമാണ്. അതുകൊണ്ട് രണ്ടു കാര്യങ്ങൾ ഇവിടെ നടക്കുമെന്ന കാര്യം നിഷ്തർക്കമാണ്. റിസോർട്ട് മാഫിയകളും കയ്യേറിയവരും പാവങ്ങളായ മത്സ്യത്തൊഴി ലാളികളെ മുന്നിൽ നിറുത്തി വൈകാരികത ഇളക്കിവിട്ട് മുതലെടുപ്പിനുള്ള ശ്രമങ്ങളുണ്ടാകും. മറ്റൊന്ന് ഭൂമാഫിയകളുടെ തന്ത്രങ്ങൾ മനസ്സിലാക്കിയുള്ള അധികാരികളുടെ ഇടപെടലുകളിൽ പാവങ്ങളുടെ അവകാശങ്ങൾ നിരാകരിക്കാനുള്ള സാധ്യതയുമുണ്ട്. അതിനാൽ സമൂഹം നിലകൊള്ളേണ്ടത് പാവപ്പെട്ടവരുടെ അവകാശങ്ങളെ നേടിയെടുക്കാനും സ്വസ്ഥവും ഭയരഹിതവുമായ ജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കാനുമാണ്.



ളെയും തർക്കങ്ങളെയും വസ്തുവിന്റെ ഘടനയെയും കൂടുതൽ പഠിക്കാതെയും അന്വേഷിക്കാതെയുമുള്ള നിഗമനങ്ങളായിരുന്നു നിസാർ കമ്മീഷൻ മുന്നോട്ടുവച്ചത് എന്ന വിമർശനവും ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. 1954ൽ വക്ഫ് ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പായിരുന്നു ഭൂമി വക്ഫായി റജിസ്റ്റർ ചെയ്തതെന്നതും അതിനാൽ നിയമ സാധുതയില്ലെന്നും വിലയിരുത്തുന്നുമുണ്ട്. 2019 മുതൽ പ്രദേശവാസികൾക്ക് അവരുടെ ഭൂമിയുടെ കരം അടക്കാനാകാത്തതാണ് ഇപ്പോൾ അത് പ്രശ്നമായി വരാൻ കാരണമായിട്ടുള്ളത്.

എങ്കിലും അവിടെ ഉടമസ്ഥത അവകാശപ്പെടുന്നവരെ കുറിച്ചും പഠന വിധേയമാക്കേണ്ടതുണ്ട്. അവർ മൂന്നു വിഭാഗക്കാരാണ്. അതിലൊന്ന് കുടിലുകൾ കെട്ടി താമസിക്കുന്ന പാവങ്ങളായ മത്സ്യത്തൊഴിലാളികളാണ്. രണ്ടാമത്തെ വിഭാഗം അന്യരുടെതാണ് എന്നറിഞ്ഞുകൊണ്ട് തന്നെ ഭൂമി കയ്യേറി താമസമാക്കിയവർ. മൂന്നാമത്തേതാകട്ടെ റിസോർട്ട് മാഫിയകളുമാണ്. അതുകൊണ്ട് രണ്ടു കാര്യങ്ങൾ ഇവിടെ നടക്കുമെന്ന കാര്യം നിഷ്തർക്കമാണ്. റിസോർട്ട് മാഫിയകളും കയ്യേറിയവരും പാവങ്ങളായ മത്സ്യത്തൊഴി ലാളികളെ മുന്നിൽ നിറുത്തി വൈകാരികത ഇളക്കിവിട്ട് മുതലെടുപ്പിനുള്ള ശ്രമങ്ങളുണ്ടാകും. മറ്റൊന്ന് ഭൂമാഫിയകളുടെ തന്ത്രങ്ങൾ മനസ്സിലാക്കിയുള്ള അധികാരികളുടെ ഇടപെടലുകളിൽ പാവങ്ങളുടെ അവകാശങ്ങൾ നിരാകരിക്കാനുള്ള സാധ്യതയുമുണ്ട്. അതിനാൽ സമൂഹം നിലകൊള്ളേണ്ടത് പാവപ്പെട്ടവരുടെ അവകാശങ്ങളെ നേടിയെടുക്കാനും സ്വസ്ഥവും ഭയരഹിതവുമായ ജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കാനുമാണ്. അതിന് സർക്കാർ പരിഹാരമുണ്ടാക്കുകയാണ് വേണ്ടത്.

### വക്ഫ് : മുതലെടുപ്പിന്റെ രാഷ്ട്രീയം

നൂറ്റാണ്ടുകളായി രാജ്യത്ത് നിലനിന്നിരുന്ന വക്ഫ് സംവിധാനം സമൂഹത്തിന് ഏറെ ഗുണകരമായാണ് ഉപയോഗപ്പെടുത്തിയിരുന്നത്. വക്ഫ് എന്നതുതന്നെ ധാർമികവും ആത്മീയവുമായ നൻമയോടൊപ്പം വിദ്യാഭ്യാസപരവും സാമൂഹികവുമായ മുന്നേറ്റത്തിന് സാധ്യമായ സംവാധാനവുമാണ്.

എന്നാൽ സമീപകാലത്ത് സംഘപരിവാരങ്ങൾ അവരുടെ ശത്രുപക്ഷത്ത് മുസ്‌ലിം സമുദായത്തെ പരികൽപിച്ച് നിരന്തരമായി ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് ഇന്ത്യയുടെ ഭരണം കയ്യിലമർന്നതിന് ശേഷം ഏറ്റവും കൂടുതൽ പീഡനങ്ങൾക്ക് വിധേയമായത് മുസ്‌ലിം സമുദായമാണ്. ആൾക്കൂട്ട കൊലപാതകങ്ങൾ, പൗരത്വനിഷേധം, ആരാധനാലയങ്ങൾ തകർക്കൽ, ചരിത്രധ്വംസനം, അവകാശ നിഷേധങ്ങൾ തുടങ്ങി, അധികാരമുപയോഗിച്ച് സമുദായ ഉന്മൂലനത്തിനുവേണ്ടി ശ്രമിച്ചു കൊണ്ടിരിക്കുകയാണ് അവർ.

അതിന്റെ വഴിയിൽ സമൂഹത്തിൽ സ്പർധയുണ്ടാക്കാൻ വക്ഫ് നിയമത്തെ ചോദ്യം ചെയ്തുകൊണ്ടാണ് വർഗീയതയ്ക്ക് ചൂടുപകരാൻ കാവിരാഷ്ട്രീയം ശ്രമിക്കുന്നത്. അതിനുവേണ്ടി കള്ളക്കഥകൾ മെനഞ്ഞുകൊണ്ടിരിക്കുകയാണ്. കർണാടകയിലെ ബിജെപി എംപി തേജസ്വി സൂര്യ വക്ഫിനെതിരെ പ്രചരിപ്പിച്ചിരുന്ന നുണക്കഥ അതിനുദാഹരണമാണ്. സ്വന്തം ഭൂമി വക്ഫ് ബോർഡ് ഏറ്റെടുത്തപ്പോൾ കർഷകൻ ആത്മഹത്യ ചെയ്തുവെന്നാണ് അയാൾ പ്രചരി

പ്പിക്കാൻ തുടങ്ങിയത്. എന്നാൽ കർണാടക സർക്കാർ തേജസ്വി സൂര്യക്കും അത് പ്രസിദ്ധീകരിച്ച പോർട്ടലിന്റ എഡിറ്റർമാർക്കും എതിരെ കേസെടുക്കുകയുണ്ടായി. തെറ്റായ പ്രചാരണം വഴി രണ്ട് സമുദായങ്ങൾക്കിടയിൽ സംഘർഷമുണ്ടാക്കുന്നതിന് ഭാരതീയ ന്യായ് സംഹിത 353 (2) പ്രകാരമാണ് കേസെടുത്തത്. ഹാവേരി പോലീസിന്റ സാമൂഹിക മാധ്യമ ചുമതലയുള്ള പോലീസ് കോൺസ്റ്റബിൾ സുനിൽ ഹചാവനവറിന്റെ പരാതിയിലാണ് നടപടി. എന്നാൽ 2022ൽ കർഷകൻ ആത്മഹത്യ ചെയ്തത് കടക്കെണിയും വിളനാശവും മൂലമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തുകയായിരുന്നു.

മുനമ്പത്തെ വക്ഫ് ഭൂമിയുമായി ബന്ധപ്പെട്ട പ്രചാരണങ്ങളിൽ ‘കാസ’ പോലുള്ള ക്രിസ്ത്യൻ തീവ്രവാദ സംഘങ്ങളും ആർഎസ്എസ് പോലുള്ള സംഘപരിവാരങ്ങളും കേന്ദ്ര മന്ത്രി സുരേഷ് ഗോപിയടക്കമുള്ളവരും നടത്തിയ പ്രസ്താവനകൾ സാമുദായിക സ്പർധ ലക്ഷ്യമാക്കിത്തന്നെയാണ്. എന്നിട്ടും കേരള സർക്കാറും അവരുടെ നിയമ സംവിധാനങ്ങളും ഒരു നടപടിക്കും മുതിരാതിരിക്കുന്നതിൽ ദുരൂഹതയുടെ രാഷ്ട്രീയത്തെ നമുക്ക് കണ്ടെത്താനാകും. മുസ്‌ലിംകളുടെ ഉടമസ്ഥതയിലുള്ള സ്ഥലം മറ്റുള്ളവർ വാങ്ങാതിരിക്കുവാനുള്ള പ്രചാരണങ്ങളിൽ നുണകൾ പരന്നൊഴുകുകയാണ്. സമൂഹ മാധ്യമങ്ങളിലൂടെ വിഷം ചീറ്റിയാണ് ഈ പ്രചാരണങ്ങളൊക്കെയും നടക്കുന്നത്. എന്നിട്ടും നമ്മുടെ നിയമ സംവിധാനങ്ങൾ നിസ്സംഗരാകുന്നതിൽ ആശങ്കയേറെയുണ്ട്.

ഇന്ത്യൻ റജിസ്ട്രേഷൻ ആക്റ്റ് അനുസരിച്ച് രേഖാമൂലം വക്ഫ് ചെയ്യപ്പെട്ടിട്ടുള്ള വസ്തുക്കളിൽ

> മുനമ്പത്തെ വക്ഫ് ഭൂമിയുമായി ബന്ധപ്പെട്ട പ്രചാരണങ്ങളിൽ ‘കാസ’ പോലുള്ള ക്രിസ്ത്യൻ തീവ്രവാദ സംഘങ്ങളും ആർഎസ്എസ് പോലുള്ള സംഘപരിവാരങ്ങളും കേന്ദ്ര മന്ത്രി സുരേഷ് ഗോപിയടക്കമുള്ളവരും നടത്തിയ പ്രസ്താവനകൾ സാമുദായിക സ്പർധ ലക്ഷ്യമാക്കിത്തന്നെയാണ്. എന്നിട്ടും കേരള സർക്കാറും അവരുടെ നിയമ സംവിധാനങ്ങളും ഒരു നടപടിക്കും മുതിരാതിരിക്കുന്നതിൽ ദുരൂഹതയുടെ രാഷ്ട്രീയത്തെ നമുക്ക് കണ്ടെത്താനാകും. മുസ്‌ലിംകളുടെ ഉടമസ്ഥതയിലുള്ള സ്ഥലം മറ്റുള്ളവർ വാങ്ങാതിരിക്കുവാനുള്ള പ്രചാരണങ്ങളിൽ നുണകൾ പരന്നൊഴുകുകയാണ്. സമൂഹ മാധ്യമങ്ങളിലൂടെ വിഷം ചീറ്റിയാണ് ഈ പ്രചാരണങ്ങളൊക്കെയും നടക്കുന്നത്. എന്നിട്ടും നമ്മുടെ നിയമ സംവിധാനങ്ങൾ നിസ്സംഗരാകുന്നതിൽ ആശങ്കയേറെയുണ്ട്.

അല്ലാതെ ഒരിടത്തും വക്ഫ് ബോർഡിന് അവകാശവാദം ഉന്നയിക്കാനാവില്ല എന്നിരിക്കെ വക്ഫ് നിയമമനുസരിച്ച് ഏതു ഭൂമിയിലും ബോർഡിന് അവകാശമുന്നയിക്കാമെന്ന ഭീതി പരത്തുന്ന വിധമുള്ള കളവ് സമൂഹ മാധ്യങ്ങളിലൂടെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. വക്ഫിനെതിരെ പരാതിയുണ്ടായാൽ പരിഹരിക്കേണ്ടത് വക്ഫ് ബോർഡിന്റെ കീഴിലുള്ള വക്ഫ് ട്രൈബ്യൂണലാണ് എന്ന നുണപ്രചാരണമാണ് നടക്കുന്നത്. എന്നാൽ വക്ഫ് ട്രൈബ്യൂണൽ വക്ഫ് ബോർഡിന്റെ കീഴിലെ സ്ഥാപനമല്ല. അതൊരു കോടതിയാണ്. അവിടെ ജഡ്ജി മുസ്‌ലിം ആകണമെന്ന് പോലുമില്ല എന്ന സത്യം മൂടിവച്ചുകൊണ്ടാണ് ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്.

ഇതര മതസ്ഥരെ ഇറക്കിവിടാൻ മുസ്‌ലിംകൾ വക്ഫ് ബോർഡിനെ ഉപയോഗിച്ച് സർക്കാരിനെ പ്രേരിപ്പിക്കുന്നുവെന്ന പ്രചാരണവുമുണ്ട്. എന്നാൽ മുനമ്പം പ്രശ്നത്തിൽ പോലും മുസ്‌ലിം സംഘടനകൾ ഇടപെടുകയോ അവിടെയുള്ള കുടിയേറ്റക്കാരെ ഒഴിപ്പിക്കണമെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല എന്നതും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. എന്നിട്ടും ആരോപണങ്ങളും നുണപ്രചാരണങ്ങളുമായി സാഹചര്യങ്ങളെ പ്രക്ഷുബ്ധമാക്കാനുള്ള ശ്രമങ്ങൾ എന്തായാലും സമാധാനമാഗ്രഹിക്കുന്നവരുടെ ഭാഗത്തുനിന്നുണ്ടാവില്ലെന്നുറപ്പാണ്. സമൂഹത്തെ അജ്ഞതയിൽ തളച്ചിട്ട് വിദ്വേഷവും വർഗീയതയും വളർത്തി നിലനിൽപ് തേടുന്ന സംഘ് രാഷ്ട്രീയത്തിന്റെ കുതന്ത്രങ്ങളിൽനിന്നാണ് ഇത്തരം ആരോപണങ്ങളുയരുന്നത് എന്ന തിരിച്ചറിവ് മലയാളി പ്രബുദ്ധതയിലും ഇടം പിടിക്കണം.

ജാതിമതവർണങ്ങളിൽ ചേരിതിരിഞ്ഞ് സംഘർഷങ്ങളും കലാപങ്ങളും സൃഷ്ടിച്ച് ഉത്തരേന്ത്യയിൽ അധികാരമുറപ്പിച്ചവർ സൗഹൃദകേരളത്തിന്റെ ഹൃദയത്തെ തുണ്ടമാക്കാൻ ശ്രമങ്ങൾ ആരംഭിച്ചിട്ട് നാളേ

റെയായി. അതിനായി അവർ പയറ്റിയ തന്ത്രങ്ങൾക്ക് അതിരുണ്ടായിരുന്നില്ല. അവസാനം ന്യൂനപക്ഷങ്ങളെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടായി. മണിപ്പൂരിന്റെ തെരുവീഥികളിൽ ചീന്തിയെറിയപ്പെടുന്ന സഹോദരിമാരുടെ കണ്ണുനീരിന് വില കൽപിക്കാത്ത, തൃശൂലങ്ങളിൽ പിടഞ്ഞ് വീഴുന്ന ജീവനുകളെ പരിഗണിക്കാത്ത അന്ധത ബാധിച്ച ചില 'ക്രിസംഘി'കളാണ് അത്തരം കെണിയിൽ തലവച്ച് കൊടുത്തത്. അവരെ ഉപയോഗപ്പെടുത്തി കാവിരാഷ്ട്രീയം മുനമ്പത്തും നിറഞ്ഞാടുകയാണ്.

### വക്ഫ് നൽകുന്ന തിരിച്ചറിവ്

വിശുദ്ധവും മതപരവും ജീവകാരുണ്യപരവുമായ ആവശ്യങ്ങൾക്കായി ഒരു വ്യക്തി അല്ലാഹുവിന്റെ പേരിൽ സമർപ്പിക്കുന്ന സ്വത്തിനെയാണ് 'വക്ഫ് ' എന്ന് പറയുന്നത്. സമർപ്പിക്കുന്നയാൾക്ക് 'വാകിഫ്' എന്നും പറയുന്നു. മുറിഞ്ഞുപോകാതെ എന്നെന്നും നിലനിൽക്കുന്ന ദാനം എന്നതാണ് ഇതിന്റെ ആശയം. സാധാരണ ദാനങ്ങൾ അപ്പോഴുള്ള ആവശ്യങ്ങൾക്ക് ഉപകാരപ്പെടുകയും അതിന്റെ പ്രയോജനങ്ങൾ അതോടെ അവസാനിക്കുകയും ചെയ്യുമ്പോൾ വക്ഫിന്റെ പ്രതിഫലം തുടർന്നുകൊണ്ടിരിക്കും. ഇസ്‌ലാം ഏറെ പ്രോൽസാഹിപ്പിച്ചതും നബി(സ്വ) പഠിപ്പിച്ചതുമാണ് വക്ഫ് രീതി.

നബി(സ്വ) പറഞ്ഞു: "മനുഷ്യൻ മരണപ്പെട്ടാൽ മൂന്ന് കാര്യങ്ങളല്ലാത്ത അവന്റെ എല്ലാ പ്രവർത്തനങ്ങളും അറ്റുപോകും. ജാരിയായ സ്വദഖ (തുടർന്ന് പ്രതിഫലം കിട്ടിക്കൊണ്ടിരിക്കുന്ന ദാനം), ഉപകാരപ്രദമായ അറിവ്, തനിക്കുവേണ്ടി പ്രാർഥിക്കുന്ന സന്താനം" (മുസ്‌ലിം).

ഭൂമി, തോട്ടം, കെട്ടിടം, ഫലവൃക്ഷങ്ങൾ, കുതിര, കിണർ, യുദ്ധോപകരണങ്ങൾ, തോട്, അഗതി മന്ദിരങ്ങൾ, ആരാധനാലയങ്ങൾ എന്നിവയെല്ലാം നബി(സ്വ)യുടെ കാലത്ത് വക്ഫ് ചെയ്തിട്ടുണ്ട്. ഇവ നശിക്കുന്നതുവരെ ദാതാവിന് പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കും. പെട്ടെന്ന് തീർന്നുപോകുന്ന ഭക്ഷണം, പണം എന്നിവ വക്ഫ് ചെയ്യാൻ കഴിയില്ല. തനിക്ക് ഏറ്റവും വിലപ്പെട്ട സ്വത്തായ ഖൈബറിലെ ഭൂമി ദാനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉമറുബ്നുൽ ഖത്വാബ്(റ) പ്രവാചക(സ്വ)നെ സമീപിച്ചപ്പോൾ മൂല്യം നിലനിറുത്തിക്കൊണ്ട് ആദായം ദാനം ചെയ്യാൻ നിർദേശിക്കുകയുണ്ടായി. ശേഷം അദ്ദേഹം അത് വിൽക്കാനോ അനന്തരമെടുക്കാനോ ദാനമായി നൽകാനോ പാടില്ലെന്ന വ്യവസ്ഥയിൽ അതിന്റെ ലാഭം ബന്ധുക്കളും അല്ലാത്തവരുമായ ദരിദ്രർക്കും വഴിപോക്കർക്കും അടിമമോചനത്തിനും ദൈവമാർഗത്തിലും അതിഥികൾക്കുമായി വീതിക്കുകയും മകൾ ഹഫ്സ(റ)യെ അതിന്റെ മേൽനോട്ടക്കാരിയായി (മുതവല്ലി) നിശ്ചയിക്കുകയും ചെയ്തു. ഇതാണ് ഇസ്‌ലാമിലെ ആദ്യത്തെ വക്ഫ് .

ഇസ്‌ലാം അനുവദിക്കുന്ന നൻമകൾക്കുവേണ്ടി മാത്രമെ വക്ഫ് ചെയ്യാൻ പാടുള്ളൂ. ഇസ്‌ലാമിക സ്ഥാപനങ്ങൾ, അഗതികൾ, വിധവകൾ, അനാഥകൾ, കുടുംബത്തിൽ അവശതയനുഭവിക്കുന്നവർ തുടങ്ങിയതിനെല്ലാം വക്ഫ് അനുവദനീയമാണ്. കുറ്റകരമായ കാര്യങ്ങൾക്കു വേണ്ടി സാധാരണ ദാനമോ വക്ഫോ പാടില്ലാത്തതാണ്. ജനോപകാരപ്രദമായ രീതിയിൽ എല്ലാകാലത്തും അതിന്റെ ഉദ്ദേശ്യങ്ങൾക്കനുസരിച്ച് നിലനിൽക്കുകയാണ് വേണ്ടത്.

രാജ്യത്തിന്റെ നൻമയ്ക്കും സമൂ



ഹത്തിന്റെ വളർച്ചക്കും നിദാനമാകുന്നതാണ് വക്ഫ് . അതിന് ഇല്ലാത്ത അർഥങ്ങൾ നൽകി സമൂഹത്തിൽ ഛിദ്രത വളർത്താൻ ഒരിക്കലും അനുവദിക്കാൻ പാടില്ല. കേരളത്തിൽ പല സ്ഥലങ്ങളും വക്ഫ് ചെയ്തതുപോലെ പല സ്ഥാപനങ്ങൾക്ക് വേണ്ടിയും ദാനമായി നൽകിയതിനും ചരിത്രത്തിൽ തെളിവുകളുണ്ട്. വൈക്കം താലൂക്കിലെ കല്ലറ പഞ്ചായത്തിലും ഏഴുമാൻ തുരുത്ത് പഞ്ചായത്തിലുമായി പടർന്ന് കിടന്നിരുന്ന 2327 ഏക്കർ 44 സെന്റ് സ്ഥലം മുണ്ടാർ എസ്റ്റേറ്റ് എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. മുസ്‌ലിം നവോത്ഥാന പ്രസ്ഥാന നായകനായിരുന്ന മണപ്പാട്ട് കുഞ്ഞി മുഹമ്മദ് ഹാജിയായിരുന്നു അതിന്റെ ഉടമസ്ഥൻ. സേട്ട് രഞ്ചുർ ദാസിൽ നിന്ന് വാങ്ങിയതായിരുന്നു അദ്ദേഹം. 1948ൽ കേരളത്തിലെ ആദ്യ മുസ്‌ലിം കോളേജ് എന്നറിയപ്പെടുന്ന ഫാറൂഖ് കോളേജിന്റെ പ്രാരംഭഘട്ടത്തിലെ പ്രതിസന്ധി തീർക്കാൻ അദ്ദേഹം 112 ഏക്കർ ദാനം ചെയ്തു. കൊല്ലം എസ്എൻ, ചങ്ങനാശ്ശേരി ഹിന്ദു എൻഎസ്എസ്, കാലടി ശ്രീ ശങ്കര എന്നീ കോളേജുകൾക്ക് 25 ഏക്കർ വീതവും ഫറൂഖ് റൗദത്തുൽ ഉലൂം, പുളിക്കൽ മദീനത്തുൽ ഉലൂം എന്നീ അറബിക്കോളേജുകൾക്ക് 30 ഏക്കർ വീതവും മലപ്പുറം ജില്ലയിലെ സുല്ലമുസ്സലാം അറബിക്കോളേജിന് 11 ഏക്കറും, വടുതല നദ്‌വത്തുൽ മുജാഹിദീൻ മദ്റസക്ക് 5 ഏക്കറും ഭൂമി അദ്ദേഹം ദാനമായി നൽകിയിട്ടുണ്ട്. നീണ്ടൂർ സെന്റ് തോമസ് അസൈലത്തിന്റെ 5 ഏക്കറും എറിയാട് ലത്തീൻ കത്തോലിക്കാ പള്ളിക്കുള്ള സ്ഥലവും മണപ്പാടന്റെ ദാനമാണെന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. ഗവൺമെന്റ് ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും മണപ്പാടൻ സ്ഥലം ഔദാര്യമായി നൽകിയിട്ടുണ്ട്. ഇങ്ങനെ ജാതിമതവർണവർഗ വ്യത്യാസങ്ങൾക്കതീതമായി ഭൂമി ധാരാളമായി ദാനം ചെയ്തവരുടെ ഉദാരതയെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം മനുഷ്യോപകാര സംവിധാനങ്ങൾക്ക് നേരെ തെറ്റിദ്ധാരണകൾ ഉയർത്തി തകർത്തെറിയാൻ ഇവർക്കെങ്ങനെയാണ് സാധിക്കുന്നത്!

വൈക്കം താലൂക്കിലെ കല്ലറ പഞ്ചായത്തിലും ഏഴുമാൻ തുരുത്ത് പഞ്ചായത്തിലുമായി പടർന്ന് കിടന്നിരുന്ന 2327 ഏക്കർ 44 സെന്റ് സ്ഥലം മുണ്ടാർ എസ്റ്റേറ്റ് എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. മുസ്‌ലിം നവോത്ഥാന പ്രസ്ഥാന നായകനായിരുന്ന മണപ്പാട്ട് കുഞ്ഞി മുഹമ്മദ് ഹാജിയായിരുന്നു അതിന്റെ ഉടമസ്ഥൻ. സേട്ട് രഞ്ചുർ ദാസിൽനിന്ന് വാങ്ങിയതായിരുന്നു അദ്ദേഹം. 1948ൽ കേരളത്തിലെ ആദ്യ മുസ്‌ലിം കോളേജ് എന്നറിയപ്പെടുന്ന ഫാറൂഖ് കോളേജിന്റെ പ്രാരംഭഘട്ടത്തിലെ പ്രതിസന്ധി തീർക്കാൻ അദ്ദേഹം 112 ഏക്കർ ദാനം ചെയ്തു. കൊല്ലം എസ്എൻ, ചങ്ങനാശ്ശേരി ഹിന്ദു എൻഎസ്എസ്, കാലടി ശ്രീ ശങ്കര എന്നീ കോളേജുകൾക്ക് 25 ഏക്കർ വീതവും ഫറൂഖ് റൗദത്തുൽ ഉലൂം, പുളിക്കൽ മദീനത്തുൽ ഉലൂം എന്നീ അറബിക്കോളേജുകൾക്ക് 30 ഏക്കർ വീതവും മലപ്പുറം ജില്ലയിലെ സുല്ലമുസ്സലാം അറബിക്കോളേജിന് 11 ഏക്കറും, വടുതല നദ്‌വത്തുൽ മുജാഹിദീൻ മദ്റസക്ക് 5 ഏക്കറും ഭൂമി അദ്ദേഹം ദാനമായി നൽകിയിട്ടുണ്ട്.

വക്ഫ് ആയി രജിസ്റ്റർ ചെയ്യപ്പെട്ട ഭൂമിയിൽ യാതൊരു അധാർമികവും ജനദ്രോഹപരവുമായ പ്രവർത്തനങ്ങളും പാടില്ലന്നതാണ് ഇതിന്റെ ഒരു പ്രത്യേകത. എല്ലാ കാലത്തും വിശുദ്ധി കാത്തുസൂക്ഷിച്ചു കൊണ്ട് സംരക്ഷിപ്പെടേണ്ട വക്ഫ് സ്വത്ത് അന്യാധീനപ്പെടുത്താനും ആരോപണങ്ങളിലൂടെ തകർക്കാനും ശ്രമിക്കുന്നതിനെതിരെ സമൂഹത്തിന്റെ പ്രതികരണമുണ്ടാകണം. അതിലുപരി സർക്കാറും നിയമസംവിധാനങ്ങളും സംരക്ഷണമൊരുക്കുകയും വേണം.

### അധികാര സമീപനങ്ങൾ, ആശങ്കകൾ

ഇസ്‌ലാമോഫോബിയ ബാധിച്ച മനസ്സുകളുടെയും സംഘങ്ങളുടെയും ലക്ഷ്യം അതിന്റെ ഉൻമൂലനാശമാണ്. അതിനായി എല്ലാ മാർഗങ്ങളും അവർ അവലംബിക്കുന്നു. വക്ഫ് സ്വത്തുക്കൾ അവരുടെ കുതന്ത്രത്തിന്റെയും വിദ്വേഷത്തിന്റെയും ഇരയായിക്കൊണ്ടിരിക്കുന്നു. അധികാരികളിൽനിന്നും സാധാരണക്കാരിൽ നിന്നും അതിന്റെ കെടുതി അനുഭവിച്ചു കൊണ്ടിരിക്കുന്നുമുണ്ട്.

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 14,15,25,26,30 അനുശാസിക്കും പ്രകാരമുള്ള മൗലികാവകാശങ്ങൾ മാനിച്ച് വക്ഫ് എന്റോവ്മെന്റുകളെയും സ്ഥാപനങ്ങളെയും സംരക്ഷിക്കുന്ന രൂപത്തിൽ അതിന്റെ സ്വാത

ന്ത്ര്യം അതാത് മതവിഭാഗങ്ങൾക്ക് ഉറപ്പ് വരുത്തിക്കൊണ്ടാണ് സർക്കാർ വഖ്ഫ് നിയമം രൂപീകരിക്കേണ്ടത്. നാളിതുവരെ ഉണ്ടായിട്ടുള്ള വഖ്ഫ് നിയമങ്ങളെല്ലാം തന്നെ ഇത് പാലിച്ചുകൊണ്ടാണ് നിലവിൽ വന്നിട്ടുള്ളത്. എന്നാൽ ഇന്ത്യയിൽ ആദ്യമായി വഖ്ഫ് നിയമത്തിന്റെ അടിസ്ഥാന തത്ത്വവും ലക്ഷ്യവും മാറ്റി നിറുത്തി കേന്ദ്ര സർക്കാർ ഭേദഗതി കൊണ്ടുവന്ന് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. മുതവല്ലി നിയമനത്തിൽ നിബന്ധനകൾ കൊണ്ടുവന്നും, വാകിഫിന്റെ ഇസ്‌ലാം ആശ്ലേഷണത്തിൽ കാലാവധി നിശ്ചയിച്ചും, വഖ്ഫ് സ്വത്തിൽ കേന്ദ്രത്തിന് ഇടപെടാനുതകുംവിധം ഉപവകുപ്പ് കൂട്ടിച്ചേർത്തും, ഒരു വസ്തു ഉപയോഗം കൊണ്ട് വഖ്ഫാകുമെന്ന് നിർദേശിക്കുന്ന വകുപ്പ് എടുത്തുകളഞ്ഞും, പിന്തുടർച്ചയില്ലെങ്കിൽ വാകിഫിന്റെ ഉദ്ദേശ്യങ്ങൾക്കുമപ്പുറം മറ്റു കാര്യങ്ങൾക്കും ഉപയോഗിക്കാമെന്നു കൂട്ടിച്ചേർത്തും ഭേദഗതി കൊണ്ടുവരാനാണ് കേന്ദ്രം ശ്രമിക്കുന്നത്. അതിലൂടെ വഖ്ഫ് സ്വത്തുക്കൾ അന്യാധീനപ്പെടണമെന്ന അധികാരികളുടെ നിർബന്ധബുദ്ധിയും വ്യക്തമാണ്.

വഖ്ഫ് ചെയ്ത വസ്തുക്കൾ വാകിഫിന്റെ അനന്തരാവകാശികൾക്ക് തിരിച്ചെടുക്കാനുള്ള നിർദേശവും ഇതിൽ കൊണ്ടുവരുന്നുണ്ട്. 6 മാസത്തിനുള്ളിൽ വഖ്ഫ് സ്വത്തുക്കൾ കേന്ദ്ര സർക്കാർ നിർദേശിക്കുന്ന ഡാറ്റാബേസിൽ ചേർക്കണമെന്ന ഒരു ഉപവകുപ്പുകൂടി ചേർത്തുവച്ചുകൊണ്ടാണ് ഭേദഗതി നിർദേശിച്ചിട്ടുള്ളത്. വഖ്ഫിന്റെ നിയന്ത്രണം കേന്ദ്ര സർക്കാറിലേക്ക് കൊണ്ടുവരികയാണ് അതിന്റെ ലക്ഷ്യം. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വഖ്ഫ് നിയമ ഭേദഗതി ബില്ല് തികച്ചും ഏകപക്ഷീയവും സംസ്ഥാന വഖ്ഫ് ബോർഡുകളുടെയും സംസ്ഥാന സർക്കാറിന്റെയും അധികാരങ്ങൾ കവർന്നെടുക്കുന്നതും വഖ്ഫ് സ്വത്ത്, വരുമാനം തുടങ്ങിയ എല്ലാ വിവരങ്ങളും വഖ്ഫ് മുതവല്ലിമാരുടെ നിയന്ത്രണവും കേന്ദ്ര ഗവൺമെന്റിന് ലഭിക്കുന്ന രീതിയിൽ തയ്യാറാക്കിയിട്ടുള്ളതുമാണ്. ഇങ്ങനെ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ മതപരമായ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും നിരാകരിച്ച് പൂർണമായും അരികുവത്കരിക്കുകയെന്നതാണ് ഈ ഭേദഗതിയുടെ ലക്ഷ്യം. ഇനിയും ധാരാളം അപകടകരമായ നിർദേശങ്ങളടങ്ങിയ ഭേദഗതിയാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തം. ഇതിലെന്തെങ്കിലും ഗുണം രാജ്യത്തിനും സമൂഹത്തിനും ഉണ്ടായിരുന്നുവെങ്കിൽ ദേവസ്വം ബോർഡിനു കീഴിലുള്ള സ്വത്തുക്കളുടെയും മലങ്കര സഭയുടെ നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്വത്തുക്കളുടെയും അധികാരങ്ങളിലും സ്വഭാവങ്ങളിലും ഭേദഗതി കൊണ്ടുവരേണ്ടതായിരുന്നു.

കേരളത്തിലെ സമീപകാല സർക്കാർ സമീപനങ്ങളും ഏറെ ആശങ്കയുണ്ടാക്കുന്നുണ്ട്. മുനമ്പം പ്രശ്നത്തിൽ സർക്കാറിന്റെ മൗനം രണ്ട് സമുദായങ്ങൾക്കിടയിലെ സംഘർഷങ്ങളിലേക്കും വെറുപ്പിലേക്കും നയിച്ചുവെന്ന ആക്ഷേപമുണ്ട്. വിവിധ പ്രദേശങ്ങളിലേക്ക് നോട്ടീസയക്കുകയും കുടിയൊഴിപ്പിക്കാൻ സാധ്യതയുള്ളവരെ ഇടതുപക്ഷ നേതാക്കൾ സമാശ്വസിപ്പിക്കുകയും ചെയ്തുകൊണ്ടുള്ള സമീപനം തീർത്തും രാഷ്ട്രീയ ലാഭത്തിന് വേണ്ടിയാണെന്ന വിമർശനമുണ്ട്. അതോടൊപ്പം ഇസ്‌ലാമും അതിലെ നിയമങ്ങളുമെല്ലാം പലർക്കും ഭീഷണിയാണെന്ന് വരുത്താനുള്ള ശ്രമങ്ങളും തകൃതിയായി നടക്കുന്നുണ്ട്. അവിടെ അധികാരികളും സമൂഹവും അവധാനതയോടെ കാര്യങ്ങളെ സമീപിച്ചില്ലെങ്കിൽ വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നതും നാം തിരിച്ചറിയാതെ പോകരുത്. ■

ഇന്ത്യയിൽ ആദ്യമായി വഖ്ഫ് നിയമത്തിന്റെ അടിസ്ഥാന തത്ത്വവും ലക്ഷ്യവും മാറ്റി നിറുത്തി കേന്ദ്ര സർക്കാർ ഭേദഗതി കൊണ്ടുവന്ന് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. മുതവല്ലി നിയമനത്തിൽ നിബന്ധനകൾ കൊണ്ടുവന്നും, വാക്വിഫിന്റെ ഇസ്‌ലാം ആശ്ലേഷണത്തിൽ കാലാവധി നിശ്ചയിച്ചും, വഖ്ഫ് സ്വത്തിൽ കേന്ദ്രത്തിന് ഇടപെടാനുതകുംവിധം ഉപവകുപ്പ് കൂട്ടിച്ചേർത്തും, ഒരു വസ്തു ഉപയോഗം കൊണ്ട് വഖ്ഫാകുമെന്ന് നിർദേശിക്കുന്ന വകുപ്പ് എടുത്തുകളഞ്ഞും, പിന്തുടർച്ചയില്ലെങ്കിൽ വാക്വിഫിന്റെ ഉദ്ദേശ്യങ്ങൾക്കുമപ്പുറം മറ്റു കാര്യങ്ങൾക്കും ഉപയോഗിക്കാമെന്നു കൂട്ടിച്ചേർത്തും ഭേദഗതി കൊണ്ടുവരാനാണ് കേന്ദ്രം ശ്രമിക്കുന്നത്. അതിലൂടെ വഖ്ഫ് സ്വത്തുക്കൾ അന്യാധീനപ്പെടണമെന്ന അധികാരികളുടെ നിർബന്ധബുദ്ധിയും വ്യക്തമാണ്.

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

**ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം 34
നൽകിയ നവോത്ഥാന നായകൻ**

# ഇ.കെ.മൗലവിയും തിരൂരങ്ങാടി യതീംഖാനയും

മതപരമായ കാര്യങ്ങളിൽ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ ഒരു തികഞ്ഞ സുന്നിയായിരുന്നുവെന്ന് വരികിലും വിശ്വാസപരമായി താനുമായി അഭിപ്രായ ഭിന്നതയുള്ളവരോട് അദ്ദേഹം തികച്ചും വിശാല മനസ്കതയോടും സഹിഷ്ണുതയോടും കൂടിത്തന്നെ എപ്പോഴും പെരുമാറിയിരുന്നു. മുജാഹിദ് വിഭാഗത്തിലെ ഉന്നതപണ്ഡിതന്മാരായ മർഹും കെ.എം.മൗലവി സാഹിബ്, ഇ.കെ. മൗലവി സാഹിബ് തുടങ്ങിയ വരെ അദ്ദേഹം അങ്ങേയറ്റം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. വിട്ടുവീഴ്ചയില്ലാത്തൊരു മുജാഹിദായ എം.കെ. ഹാജി സാഹിബ് അദ്ദേഹത്തിന്റെ ഒരാത്മമിത്രമായിരുന്നു. ഖുതുബ പരിഭാഷ, മതത്തിൽ കടന്നുകൂടിയിട്ടുള്ള ശിർക്കുപരമായ കാര്യങ്ങൾ എന്നിവ യിൽ അദ്ദേഹത്തിന്ന് മുജാഹിദുകളോട് യോജിപ്പുണ്ടായിരുന്നു. മുജാ ഹിദുകൾ നടത്തുന്ന ഒരു സ്ഥാപനമായിട്ട് കൂടി തിരൂരങ്ങാടി യതീംഖാന യുടെ കാര്യത്തിൽ അദ്ദേഹം പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിരുന്നു.

**1919** മുതൽ ഇ.കെ.മൗലവിയുടെ കർമ മണ്ഡലം കൊടുങ്ങല്ലൂർ ആയിരുന്നെങ്കിലും ആ കാലയളവിൽ തിരൂരങ്ങാടിയുമായി നിരന്ത രബന്ധം സ്ഥാപിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. 1943 മുതൽ എറ ണാംകുളം മഹാരാജാസ് കോളേജിൽ അധ്യാപകനായി കൊച്ചിയിൽ താമസമാക്കിയപ്പോഴും തിരൂരങ്ങാടിയുമായുള്ള ബന്ധം അദ്ദേഹം വി ച്ഛേദിച്ചിരുന്നില്ല. കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ വിജയകരമായ പ്രയാണത്തിൽനിന്നും ആവേശം ഉൾക്കൊണ്ട ഒട്ടേറെ പ്രവർത്തകർ തിരൂരങ്ങാടിയിലുണ്ടായിരുന്നു എന്നതായിരുന്നു അതിനു കാരണം. ഐക്യസംഘത്തിന്റെ ആശയങ്ങളുൾക്കൊണ്ട തിരൂരങ്ങാടിയിലെ അനു ഭാവികളുടെ കാർമികത്വത്തിൽ ദീനീപ്രവർത്തനങ്ങൾക്കുവേണ്ടി പ്രാ ദേശികമായി സ്ഥാപിച്ച സംഘടനയായിരുന്നു ഇസ്സത്തുൽ ഇസ്‌ലാം സംഘം. തിരൂരങ്ങാടി ചിനക്കൽ പള്ളിയിൽ നടന്നുവന്നിരുന്ന ദർസ്




നടത്തിപ്പിന് മേൽനോട്ടം വഹിക്കാനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും 1937ലാണ് ഈ സംഘം സ്ഥാപിതമായത്. ഇസ്‌ലാഹീ അനുഭാവമില്ലാത്ത പലരും ഈ സംഘത്തിൽ അംഗങ്ങളായിരുന്നു. അക്കാലത്ത് മതപഠനത്തിനുവേണ്ടി ചാലിലകത്ത് കുഞ്ഞഹമദ് ഹാജി തുടങ്ങിവച്ച ഓത്തുപള്ളി, ദർസ് പരിഷ്‌കരണങ്ങളെക്കുറിച്ചുള്ള വിവരം അന്ന് പലരുടെയും ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ഇത്തരത്തിൽ പരിഷ്‌കൃത രീതിയിലുള്ള ഒരു മദ്‌റസ തിരൂരങ്ങാടിയിലും സ്ഥാപിക്കണമെന്ന് പലരും ആഗ്രഹിച്ചു.

1938 സെപ്റ്റംബറിൽ കെ.പി മൊയ്തീൻ കുട്ടി മൗലവി(പറവണ്ണ)യുടെ അധ്യക്ഷതയിൽ ചേർന്ന ഇസ്സത്തുൽ ഇസ്‌ലാം സംഘത്തിന്റെ ഒരു പ്രധാനയോഗത്തിൽ പരിഷ്‌കൃതരീതിയിലുള്ള ഒരു മദ്‌റസ തിരൂരങ്ങാടിയിൽ സ്ഥാപിക്കേണ്ടതിന്റെ പ്രധാന്യത്തെക്കുറിച്ച് ഒരു പ്രമേയം സംഘം സെക്രട്ടറി എം.എൻ അലവി ഹാജി യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. തിരൂരങ്ങാടിയുടെ ആത്മീയ നവോത്ഥാനത്തെ ലക്ഷ്യംവച്ച് ഈ പ്രദേശത്തെ ജനങ്ങളോടുള്ള ഒരു അഭ്യർഥനയായിരുന്നു അത്. തൽക്കാലത്തേക്ക് മാത്രം ഏർപ്പെടുത്തിയിട്ടുള്ള ചിനക്കൽ പള്ളിയിലെ ദർസുകൊണ്ട് തങ്ങളുടെ ഉദ്ദേശ്യം സാധ്യമായിട്ടില്ലെന്നു വ്യക്തമാക്കുകയും കൂടുതൽ കുട്ടികളെ ചേർക്കാനും പെൺകുട്ടികൾക്ക് കൂടി മതവിദ്യഭ്യാസം നൽകാനും ഉപകരിക്കുന്ന പരിഷ്‌കൃത രീതിയിലുള്ള ഒരു മദ്‌റസ തങ്ങൾക്കില്ലാതെപോയല്ലോ എന്ന് സങ്കടപ്പെടുകയും ചെയ്യുന്നതായിരുന്നു ആ പ്രമേയം. മദ്‌റസാ നിർമാണത്തിന് എല്ലവരുടെയും സഹായസഹകരണങ്ങൾക്കായി പ്രമേയം അപേക്ഷിക്കുകയും ചെയ്തു.

1938 നവംബർ 26ന് ഖാൻ ബഹദൂർ പി.എം ആറ്റക്കോയ തങ്ങൾ അവർകളുടെ അധ്യക്ഷതയിൽ ചിനക്കൽ പള്ളി മൈതാനിയിൽ ചേർന്ന ഇസ്സത്തുൽ ഇസ്‌ലാം സംഘത്തിന്റെ പ്രഥമ വാർഷിക യോഗം മദ്‌റസാ നിർമാണത്തിന് തീരുമാനമെടുത്തു. കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ ശക്തനായ വക്താവും 1926ൽ കോഴിക്കോട് ചേർന്ന കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ മൂന്നാം വാർഷിക സമ്മേളനത്തിന്റെ സ്വാഗതസംഘം അധ്യക്ഷനുമായിരുന്നു ഖാൻ ബഹാദൂർ പി.എം.ആറ്റക്കോയ തങ്ങൾ. ഇസ്സത്തുൽ ഇസ്‌ലാം സംഘത്തിന്റെ വാർഷികയോഗത്തിൽ വച്ച് കെ.എം. മൗലവി, എം.സി.സി അബ്ദുറഹ്മാൻ മൗലവി, കെ. മുഹമ്മദ് മൗലവി (അബ്ദുൽബാരി) തുടങ്ങിയവർ മദ്‌റസയുടെ ആവശ്യകത വിശദീകരിച്ച് സംസാരിക്കുകയുണ്ടായി. ഈ യോഗത്തിൽവച്ചുതന്നെ ഖാൻ ബഹദൂർ പി.എം ആറ്റക്കോയ തങ്ങൾ രക്ഷാധികാരിയും അയ്യംമഠത്തിൽ സയ്യിദ് ഐദീദ് പൂക്കോയ തങ്ങൾ പ്രസിഡന്റും കെ.എം മൗലവി വൈസ് പ്രസിഡന്റും പി.കെ കുഞ്ഞഹമ്മദ് സാഹിബ് സെക്രട്ടറിയും കുഴിയൻതടത്തിൽ കുഞ്ഞഹമ്മദ് സാഹിബ് ഖജാൻജിയും എം.കെ ഹാജി മദ്‌റസയുടെ മാനേജറുമായി ഇസ്സത്തുൽ ഇസ്‌ലാം സംഘം പുന:ക്രമീകരിച്ചു.

1939 മെയ് 10ന് ഇസ്സത്തുൽ ഇസ്‌ലാം സംഘത്തിന്റെ കീഴിൽ നൂറുൽ ഇസ്‌ലാം മദ്‌റസ പ്രവർ

ത്തന മാരംഭിക്കാൻ തീരുമാനിച്ചു. കെ.എം.മൗലവി, ഇ.കെ.മൗലവി, എം.സി.സി. അബ്ദുറഹ്മാൻ മൗലവി തുടങ്ങിയ ഇസ്‌ലാഹീ നേതാക്കളുടെ ഉപദേശ-നിർദേശങ്ങൾക്കനുസൃതമായി എം.കെ ഹാജി സാഹിബിൻെറ നേതൃത്വത്തിൽ, ടി.കെ.കുഞ്ഞഹമദ് സാഹിബ്, എം.എൻ അലവി ഹാജി, കാരാടൻ മുഹമ്മദ് കുട്ടി സാഹിബ്, വലിയാട്ട് കുഞ്ഞഹമ്മദ് സാഹിബ്, താപ്പി മൊയ്തീൻ കുട്ടി സാഹിബ്, കൊളക്കാടൻ കോയാമു ഹാജി, കാരാടൻ രായിൻകുട്ടി ഹാജി തുടങ്ങിയ പൗര പ്രമുഖർ മദ്റസ നിർമാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു. 1939 ഫെബ്രുവരി 2ന് ഖാൻ ബഹദൂർ പി.എം.ആറ്റക്കോയ തങ്ങളുടെ അധ്യക്ഷതയിൽ അബ്ദുൽ വഹാബ് ബുഖാരി സാഹിബ് (മദ്രാസ്) നൂറുൽ ഇസ്‌ലാം മദ്റസയുടെ ഉദ്ഘാടന കർമം നിർവഹിച്ചു. 1934 മെയ് 5ന് കാസർഗോഡ് ചേർന്ന ഐക്യസംഘത്തിന്റെ പതിനൊന്നാം വാർഷിക സമ്മേളനത്തിന്റെ അധ്യക്ഷനായിരുന്നു മദ്റസയുടെ ഉദ്ഘാടകനായ അബ്ദുൽവഹാബ് ബുഖാരി. ഐക്യസംഘത്തിന്റെയും അതിന്റെ നേതാക്കളുടെയും പൂർണ പിന്തുണയോടെയാണ് ഇസ്സത്തുൽ ഇസ്‌ലാം സംഘം പ്രവർത്തിച്ചത് എന്നും നൂറുൽ ഇസ്‌ലാം മദ്റസയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നും ഇത് വ്യക്തമാക്കുന്നു.

ഇ.കെ.മൗലവി സാഹിബിന്റെ പ്രവർത്തനകേന്ദ്രം അക്കാലത്ത് കൊച്ചിയായിരുന്നുവെങ്കിലും ഇസ്സത്തുൽ ഇസ്‌ലാം സംഘത്തിനും നൂറുൽ ഇസ്‌ലാം മദ്റസക്കും അദ്ദേഹത്തിന്റെ മാർഗദർശനം അക്കാലത്തു ലഭിക്കുകയുണ്ടായി. ഇസ്സത്തുൽ ഇസ്‌ലാം സംഘത്തിന്റെ പ്രവർത്തകസമിതിയിൽ തുടക്കം മുതൽ തന്നെ ഇ.കെ.മൗലവി അംഗമായിരുന്നു. വിദ്യാഭ്യാസ ബോർഡുകളോ മതവിദ്യാഭ്യാസ പാഠ്യപദ്ധതിയോ ഇല്ലായിരുന്ന അക്കാലത്ത് മദ്റസാ പഠനത്തിനായി കേരളത്തിൽ ആദ്യമായി ഒരു ടെക്സ്റ്റ് ബുക്ക് തയ്യാറാക്കി പ്രിന്റ് ചെയ്തതും ഇ.കെ.മൗലവിയായിരുന്നു. തലയെടുപ്പുള്ള ഒട്ടേറെ പഴയകാല സലഫി പണ്ഡിതന്മാർ ഈ സ്ഥാപനത്തിൽ അധ്യാപകരായി സേവന മനുഷ്ഠിച്ചിട്ടുണ്ട്. നൂറുൽ ഇസ്‌ലാമിലെ അധ്യാകരായിരുന്നില്ല എങ്കിലും കെ.എം മൗലവിയും ഇ.കെ മൗലവിയും ഇടക്കിടെ വന്നു മദ്റസയിൽ ക്ലാസെടുക്കുക പതിവായിരുന്നു. ഈ പണ്ഡിതവര്യന്മാരുടെ സേവനവും പഠന നിലവാരവും മദ്റസയുടെ പ്രശസ്തി വാനോളം ഉയർത്തി. ഇത് മനസ്സിലാക്കിയ പരിസര പ്രദേശങ്ങളിലെ പല രക്ഷിതാക്കളും തങ്ങളുടെ കുട്ടികളെ നൂറുൽ ഇസ്‌ലാം മദ്റസയിൽ ചേർത്തു പഠിപ്പിച്ചു. തിരൂരങ്ങാടിയുടെ സാമൂഹിക, സാംസ്കാരിക, ആതുര സേവന ചരിത്രം ആരംഭിക്കുന്നത് നൂറുൽ ഇസ്‌ലാം മദ്റസയിൽനിന്നാണ്. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ തൗഹീദീ മുന്നേറ്റത്തിന് നേതൃത്വം നൽകിയ ഒട്ടേറെ പ്രവർത്തകരെ വാർത്തെടുക്കാൻ നൂറുൽ ഇസ്‌ലാം മദ്റസക്കു സാധിച്ചിട്ടുണ്ട്.

**തിരൂരങ്ങാടി യതീംഖാന**

1943ൽ കേരളത്തിലുടനീളം വലിയതോതിൽ കോളറ പടർന്നുപിടിക്കുകയും ഒരുപാട് ജീവനുകൾ നഷ്ടപ്പെടുകയും ചെയ്ത ഭയാനകമായ സാഹചര്യമുണ്ടായി. അന്ധവിശ്വാസങ്ങളിൽ മുഴുകിയിരുന്ന ഉൾനാടുകളിൽ കോളറയുടെ വിപത്ത് അതിഭീകരമായിരുന്നു. ആയിരക്കണക്കിനാളുകൾ മരണപ്പെട്ടപ്പോൾ നിരവധി കുഞ്ഞുങ്ങൾ അനാഥരായി. അനാഥ മക്കളെ സംരക്ഷിക്കുക എന്നത് സമൂഹത്തിനു മുമ്പിൽ വമ്പിച്ച ബാധ്യതയായി മാറി. ഈ സന്ദർഭത്തിൽ അനാഥസംരക്ഷണത്തിനുവേണ്ടി ശക്തമായ ഇടപെടലുകൾ നടത്താൻ ഇ.കെ.മൗലവിക്കു കഴിഞ്ഞു. തിരൂരങ്ങാടിയിൽ ഒരു യതീംഖാന സ്ഥാപിക്കുന്നതിനായി അദ്ദേഹം കെ.എം.മൗലവി, എം.കെ.ഹാജി എന്നിവരോടൊപ്പം ചേർന്നു പ്രവർത്തിച്ചു. അനാഥമക്കളെ സംരക്ഷിക്കുക എന്നത് സമൂഹത്തിന്റെ ബാധ്യതയായിക്കണ്ട ഇ.കെ.മൗലവി തിരൂരങ്ങാടി യതീംഖാന സ്ഥാപിക്കുന്നതിൽ സുപ്രധാന പങ്കാണ് വഹിച്ചത്. 1943 ഡിസംബർ 11ാം തീയതി 114 അനാഥകളുടെ സംരക്ഷണം ഏറ്റെടുത്തുകൊണ്ട് യതീംഖാന പ്രവർത്തനമാരംഭിച്ചു. ഐക്യസംഘത്തിന്റെ പ്രവർത്തകസമിതി അംഗവും സെൻട്രൽ അസംബ്ലി അംഗവുമായിരുന്ന ഹാജി അബ്ദുസ്സത്താർ ഇസ്ഹാഖ് സേട്ട് സാഹിബിന്റെ അധ്യക്ഷതയിൽ, ഐക്യസംഘം നേതാക്കളുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്ന സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളാണ് യതീംഖാനയുടെ ഉദ്ഘാടനകർമം നിർവഹിച്ചത്.

തുടക്കത്തിൽ ജെ.ഡി.റ്റി യതീംഖാനയുടെ ഒരു ശാഖ എന്ന നിലയിലാണ് തിരൂരങ്ങാടി യതീംഖാനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നത്. നൂറുൽ ഇസ്‌ലാം മദ്റസയുടെ കെട്ടിടത്തിലാണ് യതീംഖാന പ്രവർത്തനമാരംഭിച്ചത്. ഐക്യസംഘത്തിന്റെ ആദ്യകാല നേതാക്കളായിരുന്ന കെ.എം.മൗലവി, ഇ.കെ.മൗലവി, നൂറുൽ ഇസ്‌ലാം മദ്റസയുടെ മാനേജരായിരുന്ന എം.കെ.ഹാജി തുടങ്ങിയവരെല്ലാം തിരൂരങ്ങാടി യതീംഖാന സ്ഥാപിക്കുന്നതിൽ അവരുടെതായ പങ്കുവഹിച്ചവരാണ്. CE Bosworth. E.Van Donzel, B.Lewis, Pellat തുടങ്ങിയവർ ചേർന്നു തയ്യാറാക്കിയ Encyclopaedia of Islam എന്ന ഗ്ര

നഥം, തിരുരങ്ങാടി യതീംഖാന സ്ഥാപിക്കുന്നതിൽ ഈ മൂന്നു മഹാന്മാരുടെയും പങ്കിനെക്കുറിച്ച് വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

Khatib Muhammad's integrity and perosnality enabled him to transmit the southern reform to the more traditional north. To help express the spirit of the reform, "K.M." also joined with his colleagues, E. K. Maulavi and M. K. Haji, in establishing the major Mappila orphanage at Tirurangadi. " ( Encyclopaedia of Islam, P. 462).

കാതിബ് മുഹമ്മദ് മൗലവിയുടെ ആർജവവും വ്യക്തിത്വവും തെക്കൻ പ്രദേശങ്ങളിലുയർന്നുവന്ന നവോത്ഥാന ചിന്തകൾ യാഥാസ്ഥിതികതയിൽ അഭിരമിച്ചിരുന്ന വടക്കൻ മേഖലയിലേക്ക് സംപ്രേഷണം ചെയ്യുന്നതിന് സഹായകമായി. പരിവർത്തനത്തിനു വേണ്ടിയുള്ള ആവേശമുൾക്കൊണ്ട് മഹത്തായ തിരൂരങ്ങാടി യതീംഖാന സ്ഥാപിക്കുന്നതിൽ കെ.എം. അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ ഇ.കെ.മൗലവി, എം.കെ.ഹാജി എന്നിവരോടൊപ്പം ചേർന്നു പ്രവർത്തിച്ചു.




ദക്ഷിണേന്ത്യൻ മുസ്‌ലിംകളെക്കുറിച്ച് പഠനം നടത്തിയ പ്രശസ്ത കനേഡിയൻ ചരിത്രകാരനായിരുന്ന റോളണ്ട് ഇ മില്ലറും തന്റെ Mappila Muslim Culture: How a Historic Muslim Community in India Has Blended Tradition and Modernity എന്ന ഗ്രന്ഥത്തിൽ യതീംഖാന സ്ഥാപിക്കുന്നതിൽ ഈ മൂവരുടെയും പങ്കിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്:

"A similar institution, the Yathim Khana, began in Tirurangadi in 1943 after a cholera epidemic took many lives. Its founders, K. M. Maulavi, E. K. Maulavi, and M. K. Haji were reform leaders. The institution also serves over a thousand orphans and conducts a large Oriental High School that feeds its graduates into the nearby B. Poker Memorial College" (Roland E. Miller : Mappila Muslim Culture: How a Historic Muslim Community in India Has Blended Tradition and Modernity, Page: 244)

"കോളറ പകർച്ചവ്യാധി ഒട്ടനേകം ജീവനുകൾ അപഹരിച്ചതിനു പിന്നാലെ 1943ൽ സമാനമായ മറ്റൊരു സ്ഥാപനമായ യതീംഖാന, തിരൂരങ്ങാടിയിൽ ആരംഭിച്ചു. അതിന്റെ സ്ഥാപകന്മാരായ കെ.എം.മൗലവിയും ഇ.കെ.മൗലവിയും എം.കെ.ഹാജിയും പരിഷ്‌കരണ (ഇസ്വലാഹീ) പ്രസ്ഥാനത്തിന്റെ നേതാക്കന്മാരായിരുന്നു. ഈ സ്ഥാപനം ആയിരത്തിലധികം അനാഥകളെ സംരക്ഷിക്കുകയും തൊട്ടടുത്ത ബി. പോക്കർ സാഹിബ് കോളേജിൽനിന്നും ബിരുദം നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്ന ഒരു വലിയ ഓറിയന്റൽ ഹൈസ്‌ക്കൂൾ നടത്തിവരികയും ചെയ്യുന്നു" (റോളണ്ട് ഇ.മില്ലർ, Mappila Muslim Culture: How a Historic Muslim Community in India Has Blended Tradition and Modernity, പുറം 244).

യതീംഖാന സ്ഥാപിക്കുന്നതിൽ ആദ്യകാല പരിശ്രമങ്ങൾ നടത്തിയ പ്രമുഖ ഇസ്‌ലാഹീ പണ്ഡിതനും അക്കാലത്തെ, തിരൂരങ്ങാടിയിലെ മുസ്‌ലിം ലീഗ് സെക്രട്ടറിയുമായിരുന്ന കെ.ഉമർ മൗലവിയുടെ പങ്കും വിസ്മരിക്കാവതല്ല. കെ.എം.മൗലവി, ഇ.കെ. മൗലവി, കെ.ഉമർമൗലവി തുടങ്ങിയവർ തിരൂരങ്ങാടിയിൽ മുസ്‌ലിം ലീഗിനെ നയിച്ച കാലമായിരുന്നു അത്.[87] എം.കെ.ഹാജിയുടെ നിശ്ചയദാർഢ്യവും ഉദാരമനസ്‌കതയും യതീംഖാനയുടെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നതിൽ ഏറെ സഹായിച്ചു. മലബാറിൽ അനാഥശാലാ പ്രസ്ഥാനം സജീവമാക്കിയതിൽ തിരൂരങ്ങാടി യതീംഖാനക്കുള്ള പങ്ക് അവിതർക്കിതമാണ്. കേരള മുസ്‌ലിം ഐക്യസംഘത്തിന്റെയും പിൽക്കാലത്ത് മുജാഹിദ് പ്രസ്ഥാനത്തിന്റെയും മുന്നണിപ്പോരാളിക

യതീംഖാന എന്നാൽ യതീമുൻ ഖാനഹു (യതീമിനെ വഞ്ചിച്ചു) എന്നാണർഥമെന്നും അതിനാൽ യതീംഖാന സമുദായ വഞ്ചനയാണെന്നും ആരോപിച്ച് പതി അബ്ദുൽഖാദർ മുസ്ല്യാർ എന്ന പുരോഹിതനെ കൊണ്ടുവന്ന് യതീംഖാനക്കെതിരെ ശാപപ്രാർഥനയും മതപ്രസംഗവും നടത്തിക്കൊണ്ടാണ് തിരൂരങ്ങാടിയിലെ യാഥാസ്ഥിതികർ യതീംഖാനയെ തകർക്കാൻ ശ്രമിച്ചത്. എന്നാൽ ആ അപശബ്ദങ്ങളെയെല്ലാം അതിജീവിക്കാൻ തിരൂരങ്ങാടി യതീംഖാനക്കു സാധിച്ചതിനു പിന്നിൽ ആ സ്ഥാപനത്തെ പടുത്തുയർത്തിയ മഹാരഥന്മാരുടെ വിശ്വാസദാർഢ്യവും ഇച്ഛാശക്തിയുമായിരുന്നു. അവർ കാണിച്ചുതന്ന പാന്ഥാവിലൂടെ സമുദായം ചലിക്കുകയും എതിർത്തവർ തന്നെ പിന്നീട് യത്തീംഖാനകൾ സ്ഥാപിക്കുകയും ചെയ്ത കാഴ്ചയാണ് പിന്നീട് നാം കണ്ടത്. ഇന്ന് കേരളത്തിലെ എല്ലാ സംഘടനകൾക്കും തങ്ങളുടേതെന്ന് അഭിമാനിക്കാവുന്ന യതീംഖാനകളും മദ്റസകളും ഉണ്ട്.

ളായിരുന്ന ഈ നേതാക്കളുടെ സമുദായ സ്നേഹത്തിനുള്ള സാക്ഷ്യപത്രമായി ഇന്നും തിരൂരങ്ങാടി യതീംഖാന തലയുയർത്തി നിൽക്കുന്നു.

തൗഹീദിനുവേണ്ടി അഹോരാത്രം അധ്വാനിക്കുമ്പോഴും സമുദായം ഒന്നടങ്കം ഐക്യപ്പെടണമെന്നാഗ്രഹിക്കുകയും മുസ്‌ലിം സമൂഹത്തെ രാഷ്ട്രീയമായി സംഘടിപ്പിക്കുന്നതിൽ ശ്രദ്ധയൂന്നുകയും ചെയ്ത് പ്രവർത്തിച്ച ഈ നേതാക്കളെ പരിഹസിക്കാനാണ് അക്കാലത്ത് യാഥാസ്ഥിതിക മതപൗരോഹിത്യം ശ്രമിച്ചത്. യതീംഖാനയെ വിമർശിക്കാനും അതിന്റെ പ്രവർത്തനങ്ങൾക്ക് തടയിടാനും തിരൂരങ്ങാടിയിലെ യാഥാസ്ഥിതിക വിഭാഗം മുന്നിട്ടിറങ്ങി. യതീംഖാന എന്നാൽ യതീമുൻ ഖാനഹു (യതീമിനെ വഞ്ചിച്ചു) എന്നാണർഥമെന്നും അതിനാൽ യതീംഖാന സമുദായ വഞ്ചനയാണെന്നും ആരോപിച്ച് പതി അബ്ദുൽഖാദർ മുസ്ല്യാർ എന്ന പുരോഹിതനെ കൊണ്ടുവന്ന് യതീംഖാനക്കെതിരെ ശാപപ്രാർഥനയും മതപ്രസംഗവും നടത്തിക്കൊണ്ടാണ് തിരൂരങ്ങാടിയിലെ യാഥാസ്ഥിതികർ യതീംഖാനയെ തകർക്കാൻ ശ്രമിച്ചത്. എന്നാൽ ആ അപശബ്ദങ്ങളെയെല്ലാം അതിജീവിക്കാൻ തിരൂരങ്ങാടി യതീംഖാനക്കു സാധിച്ചതിനു പിന്നിൽ ആ സ്ഥാപനത്തെ പടുത്തുയർത്തിയ മഹാരഥന്മാരുടെ വിശ്വാസദാർഢ്യവും ഇച്ഛാശക്തിയുമായിരുന്നു. അവർ കാണിച്ചുതന്ന പാന്ഥാവിലൂടെ സമുദായം ചലിക്കുകയും എതിർത്തവർ തന്നെ പിന്നീട് യത്തീംഖാനകൾ സ്ഥാപിക്കുകയും ചെയ്ത കാഴ്ചയാണ് പിന്നീട് നാം കണ്ടത്. ഇന്ന് കേരളത്തിലെ എല്ലാ സംഘടനകൾക്കും തങ്ങളുടേതെന്ന് അഭിമാനിക്കാവുന്ന യതീംഖാനകളും മദ്റസകളും ഉണ്ട്.

യാഥാസ്ഥിതിക സുന്നീ പണ്ഡിതസമൂഹം തിരൂരങ്ങാടി യതീംഖാനയെ തകർക്കുന്നതിനായി ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിച്ചിരുന്നുവെങ്കിലും സുന്നീ പ്രസ്ഥാനത്തോടൊപ്പം തന്നെ ചരിച്ചിരുന്ന സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടെ പിന്തുണ എല്ലാ കാലത്തും യതീംഖാനക്കുണ്ടായിരുന്നു. കെ.എം.മൗലവി, ഇ.കെ.മൗലവി, എം.കെ.ഹാജി തുടങ്ങിയ ഇസ്‌ലാഹീ നേതാക്കളുമായി ബാഫഖി തങ്ങൾ പുലർത്തിപ്പോന്ന വ്യക്തിബന്ധത്തിന്റെയും അവർ സ്വീകരിച്ചിരുന്ന ആശയത്തോടുള്ള പ്രതിബന്ധതയുടെയും ഫലമായിരുന്നു അത്. സുന്നീ പ്രസ്ഥാനത്തിന്റെ അമരത്തു നിന്നു പ്രവർത്തിച്ചപ്പോഴും തികഞ്ഞ ഒരു മുവഹ്ഹിദായി ജീവിതം നയിക്കാൻ ബാഫഖി തങ്ങൾക്കു കഴിഞ്ഞിരുന്നുവെന്ന് അദ്ദേഹത്തോട് അടുത്ത് ഇടപഴകിയ പലരിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ബാഫഖി തങ്ങളുമായി വളരെ അടുപ്പമുണ്ടായിരുന്ന മർഹൂം പ്രൊഫ. ടി. അബ്ദുല്ല സാഹിബ് അദ്ദേഹത്തെക്കുറിച്ച് എഴുതുന്നു:

“മതപരമായ കാര്യങ്ങളിൽ അദ്ദേഹം ഒരു തികഞ്ഞ സുന്നിയായിരുന്നുവെന്ന് വരികിലും വിശ്വാസപരമായി താനുമായി അഭിപ്രായ ഭിന്നതയുള്ളവരോട് അദ്ദേഹം തികച്ചും വിശാല മനസ്കതയോടും സഹിഷ്ണുതയോടും കൂടിത്തന്നെ എപ്പോഴും പെരുമാറിയിരുന്നു. മുജാഹിദ് വിഭാഗത്തിലെ ഉന്നതപണ്ഡിതന്മാരായ മർഹൂം കെ.എം.മൗലവി സാഹിബ്, ഇ.കെ. മൗലവി സാഹിബ് തുടങ്ങിയവരെ അദ്ദേഹം അങ്ങേയറ്റം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. വിട്ടുവീഴ്ചയില്ലാത്തൊരു മുജാഹിദായ എം.കെ. ഹാജി സാഹിബ് അദ്ദേഹത്തിന്റെ ഒരാത്മമിത്രമായിരുന്നു. ഖുതുബ പരിഭാഷ, മതത്തിൽ കടന്നുകൂടിയിട്ടുള്ള ശിർക്കുപരമായ കാര്യങ്ങൾ എന്നിവയിൽ അദ്ദേഹത്തിന്ന് മുജാഹിദുകളോട് യോജിപ്പുണ്ടായിരുന്നു. മുജാഹിദുകൾ നടത്തുന്ന ഒരു സ്ഥാപനമായിട്ട് കൂടി തിരൂരങ്ങാടി യതീംഖാനയുടെ കാര്യത്തിൽ അദ്ദേഹം പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിരുന്നു.”[88]

*അവലംബം:*

*87. എൻ.വി.അബ്ദുസ്സാം മൗലവി -ജീവചരിത്രം, പേജ് 111.*

*88. ബാഫഖി തങ്ങൾ സ്മാരക ഗ്രന്ഥം, ഗ്രീൻ ഹൗസ് പബ്ലിക്കേഷൻസ്.*



# ഹറം ഇമാം ശൈഖ് ഡോ. അൽബുഅയ്ജാന് ജാമിഅ അൽഹിന്ദിൽ ഊഷ്മളമായ സ്വീകരണം

മലപ്പുറം: മിനി ഊട്ടിയിലെ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ വിദ്യാഭ്യാസ സമുച്ചയമായ ജാമിഅ അൽഹിന്ദിൽ ഹറം ഇമാം ശൈഖ് ഡോ. അൽബുഅയ്ജാന് ഊഷ്മളമായ സ്വീകരണം നൽകി.

സുഊദി ഭരണകൂടം സമാധാന സന്ദേശവുമായി ലോകരാജ്യങ്ങളിലേക്ക് ഹറം ഇമാമുമാരെ നിയോഗി ച്ചതിന്റെ ഭാഗമായാണ് അദ്ദേഹം ഇന്ത്യയിലെത്തിയത്. ദൽഹിയിൽ അഹ്‌ലെ ഹദീസിന്റെ സമ്മേളനത്തിൽ പങ്കെടുത്ത ശേഷമാണ് ഇമാം കേരളത്തിലെത്തിയത്. കോഴിക്കോട് വിമാനത്താവളത്തിൽ വിവിധ സംഘടനാ നേതാക്കൾ അദ്ദേഹത്തിന് സ്വീകരണം നൽകി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനെ പ്രതിനിധീകരിച്ച് പി.എൻ അബ്ദുല്ലത്വീഫ് മദനി, ഫൈസൽ

മൗലവി എന്നിവർ എയർപോർട്ടിൽ ഇമാമിനെ സ്വീകരിച്ചു.

ജാമിഅ അൽഹിന്ദിലെ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർഥികളുമായി ഇമാം സംവദിച്ചു. സ്ഥാപനത്തിന്റെ വ്യവസ്ഥാപിത നടത്തിപ്പിലും വിദ്യാർഥികളുടെ പഠനമികവിലും അദ്ദേഹം സംതൃപ്തി രേഖപ്പെടുത്തി.

വിദ്യാർഥികളെ അഭിമുഖീകരിച്ചുകൊണ്ട് ഇമാം നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ:

“സ്രഷ്ടാവിൽനിന്നുള്ള യഥാർഥ വിജ്ഞാനം കരസ്ഥമാക്കുന്നവർക്കേ പ്രതിസന്ധികളെ അതിജീവിക്കുവാൻ കഴിയൂ. സ്രഷ്ടാവിൽ നിന്നുള്ള അറിവുകൾ മനുഷ്യസൗഹാർദം ഊട്ടിയുറപ്പിക്കാനും സഹജീവിസ്നേഹം വളർത്താനും ഇടയാക്കും. മതവിജ്ഞാനം നേടുന്ന സമൂഹത്തിനേ സാംസ്കാരികമായി നിലനിൽക്കാൻ കഴിയൂ. മതമനുസരിച്ച് ജീവിക്കുകയും അത് പ്രബോധനം  നടത്തുകയും ചെയ്യുകയെന്നത് ഓരോരുത്തരുടെയും ബാധ്യതയാണ്. ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. സാഹോദര്യവും സഹിഷ്ണുതയും ഇസ്‌ലാമിക വിശ്വാസത്തിന്റെ മുഖമാണ്.

പ്രവാചകനു മുമ്പ് അറേബ്യൻ സമൂഹം പരസ്പരം ശത്രുത വച്ചുപുലർത്തുന്നവരായിരുന്നു. ചിന്നിച്ചിതറിയ ഗോത്രവർഗങ്ങളായിരുന്നു. പിന്നീട് അല്ലാഹു അവരെ രക്ഷപ്പെടുത്തുകയും ഇസ്‌ലാമിന്റെ സുഗന്ധം അവരിൽ അടിച്ചുവീശുകയും ചെയ്തപ്പോൾ അവർക്കിടയിൽ സമാധാനം സ്ഥാപിതമായി. ഭിന്നിപ്പുകൾ മാറി അവർ ഒറ്റക്കെട്ടായി. ഉത്കൃഷ്ട സ്വഭാവഗുണങ്ങളാലും മൂല്യങ്ങളാലും ശ്രദ്ധേയരായി.

തീർച്ചയായും ശക്തി ഒരുമയിലും ഐക്യത്തിലുമാണ്. ഛിദ്രത ദൗർബല്യമാണ്. തങ്ങൾ നേരിട്ട എല്ലാ പ്രതിസന്ധികൾക്കും  സർവപ്രശ്നങ്ങൾക്കും കാരണം അനൈക്യവും ഈ വിഘടന സ്വഭാവവുമാണെന്ന് അവർ തിരിച്ചറിഞ്ഞത് ആത്മീയമായും ബുദ്ധിപരമായും വിശ്വാസത്തെ ഊട്ടിയുറപ്പിച്ചതിനു ശേഷമുള്ള അവയുടെ പ്രാവർത്തിക തലങ്ങളിൽവച്ചാണ്. ഐക്യം ഏതൊരാളുടെയും വലിയ ആഗ്രഹമാണ്. എല്ലാ നിഷ്കളങ്കരും കൊതിക്കുന്നത് ഐക്യമാണ്. ഐക്യപ്പെടാനുള്ള ശക്തമായ കാരണങ്ങളെ യും അതിലൂടെയുള്ള ശക്തിയെയും ശക്തിപ്പെടാനുള്ള പ്രേരകങ്ങളെയും നമ്മോളം കൈവശപ്പെടുത്തിയ ഒരു സമൂഹവും ലോകത്തില്ല. നമ്മുടെ മേലുള്ള അനുഗ്രഹവർഷം ഇനിയും തുടരാൻ ഐക്യപ്പെടാനുള്ള കാരണങ്ങളെ നമ്മുടെ ഹൃദയങ്ങളിലേക്ക് സന്നിവേശിപ്പിക്കേണ്ടതുണ്ട്, നമ്മുടെ മനസ്സുകളോട് ചേർത്തുവയ്ക്കേണ്ടതുണ്ട്.”

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി, ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, നാസിർ ബാലുശ്ശേരി, സി.പി സലീം, അബ്ദുൽ മാലിക് സലഫി, ഹംസ മദീനി, ശബീബ് സ്വലാഹി, വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ കെ. താജുദ്ദീൻ സ്വലാഹി, ടി.കെ നിഷാദ് സലഫി, ഡോ. പി. പി നസീഫ്, ഡോ. വി. പി ബഷീർ, സിനാജുദ്ദീൻ, വിസ്ഡം സ്റ്റുഡൻസ് ഭാരവാഹികളായ മുഹമ്മദ് ശമീൽ ടി, ഡോ.ഷഹബാസ് കെ അബ്ബാസ്, ശബീബ് മഞ്ചേരി, ഇന്ത്യൻ ഇസ്‌ലാഹി സെന്റർ സൗദി നാഷണൽ കമ്മിറ്റി പ്രസിഡന്റ് മുഹമ്മദ്കുട്ടി റിയാദ്, വൈസ് പ്രസിഡന്റ് അർഷദ് ബിൻ ഹംസ ജുബൈൽ, സെക്രട്ടറി അബൂ അമൻ ഖമീസ് മുശൈത്ത്, വിസ്ഡം സംസ്ഥാന പ്രവർത്തകസമിതി അംഗങ്ങളായ കെ.സി അയ്യൂബ്, നബീൽ രണ്ടത്താണി, ടി.പി അബ്ദുൽ അസീസ്, അശ്റഫ് വെൽക്കം, പി.എം ഷാഹുൽ ഹമീദ്, അശ്റഫ് സുല്ലമി തൃശൂർ, അബ്ദുല്ല ഫാസിൽ, ജമാൽ പെരിന്തൽമണ്ണ, മുജീബ് ഒട്ടുമ്മൽ, നിസാർ കരുനാഗപ്പള്ളി, പ്രിംറോസ്, റശീദ് കാരപ്പുറം, ശുറൈഹ് സലഫി പങ്കെടുത്തു.

■




# 43-ാമത് ഷാർജ അന്തർദേശീയ പുസ്തകമേളയിൽ വിസ്ഡം ബുക്സ് സ്റ്റാൾ ശ്രദ്ധേയമായി

അന്താരാഷ്ട്ര സമൂഹത്തിൽ ഷാർജ എന്ന നാമം ഉജ്ജ്വലമായി നിലകൊള്ളുന്നതിന്റെ കാരണങ്ങളിൽ സുപ്രധാനമായത് ഷാർജ അന്തർദേശീയ പുസ്തകമേളയാണ്. ഷാർജ ഭരണാധികാരി ശെയ്ഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽഖാസിമിയുടെ ദീർഘവീക്ഷണവും വിശാലമായ കാഴ്ചപ്പാടും വിജ്ഞാനത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും പ്രതിഫലിച്ചുനിൽക്കുന്ന മഹത് സംരംഭമാണത്. ലോകത്തിന്റെ നാനാദിക്കുകളിൽനിന്നും അക്ഷരസ്നേഹികൾ വന്നെത്തുന്ന സാസ്കാരിക സംഗമമാണ് ഷാർജ പുസ്തകമേള.

പുസ്തകമേളയിൽ ഈ വർഷവും വിസ്ഡം ബുക്സിന്റെ പ്രൗഢമായ സ്റ്റാൾ ഒരുക്കുവാൻ കഴിഞ്ഞു. ഉദ്ഘാടന സെഷനിൽ പിഎൻ അബ്ദുല്ലത്വീഫ് മദനി, അബ്ദുൽ മാലിക് സലഫി, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഹുസൈൻ സലഫി, മുജാഹിദ് ബാലുശ്ശേരി, സയ്യിദ് മുഹമ്മദ് ശാകിർ, ഹാഫിസ് അസ്‌ലം, അബ്ദുസ്സലാം ആലപ്പുഴ, ശംസുദ്ദീൻ അജ്മാൻ, അശ്റഫ് പുതുശ്ശേരി, ശെരീഫ് എലാങ്കോട്, അനീസ് തിരൂർ, ശമീം ഇസ്മാഈൽ, യൂസുഫ് പട്ടാമ്പി എന്നിവർ പങ്കെടുത്തു. പതിനായിരക്കണക്കിനാളുകൾ സ്റ്റാൾ സന്ദർശിച്ചു. നേർപഥം വാരികയുടെ സ്പെഷ്യൽ പതിപ്പ് പുസ്തകമേളയിൽ പുറത്തിറക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. പീസ് റേഡിയോയുടെ പ്രത്യേക സ്റ്റാളും ഒരുക്കിയിരുന്നു. നിരവധിയാളുകൾ അവിടെവച്ച് പീസ് റേഡിയോ ഇൻസ്റ്റാൾ ചെയ്യുകയുണ്ടായി.

*വിസ്ഡം ബുക്സിന്റെ പുതിയ 9 പുസ്തകങ്ങളാണ് പ്രകാശനം ചെയ്തത്:*

1. ക്വുർആൻ പാരായണ വിധികൾ. (മുഹമ്മദ് അസ്‌ലം ബിൻ യൂസുഫ്)
2. Religion of IS. (അബ്ദുൽ മാലിക് സലഫി)
3. ATHEISM The wasteland of Reason (ഡോ. അബ്ദുല്ല ബാസിൽ)
4. മനുഷ്യന്റെ യഥാർഥ ശത്രു (ഡോ.എം ഉസ്മാൻ)
5. മനുഷ്യൻ എന്ന അത്ഭുതം (ഡോ.എം ഉസ്മാൻ)
6. അല്ലാഹു എത്ര പരിശുദ്ധൻ (ഡോ.എം ഉസ്മാൻ)
7. മരണനന്തര ജീവിതം സത്യമോ മിഥ്യയോ? (മുബാറക് തിരൂർക്കാട്)
8. സുന്നത്തും ബിദ്അത്തും (ശമീർ മദീനി)
9. പ്രകാശം പരത്തിയ പ്രവാചകന്മാർ-ഭാഗം 6. (ഹുസൈൻ സലഫി)

മൂസ സ്വലാഹി കാര
: 97473 45768



> കേരളത്തിൽ ‘രാഷ്ട്രീയ ഇസ്‌ലാമു’മായി രംഗത്തു വന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ നിരവധി ഹദീസുകളെ അവമതിക്കാൻ അവരുടെ പ്രസിദ്ധീകരണങ്ങളിൽ ഉപയോഗിച്ച പ്രയോഗമാണ് ‘അക്ഷര വായന’ എന്നത്. ഹദീസുകളിൽ പറയുന്ന കാര്യങ്ങൾ അതേപടി അനുവർത്തിക്കുന്നതിനാലാണ് ഈ ആക്ഷേപം! ഇഖ്‌വാനിസത്തിൽ ഇഷ്ടം പൂണ്ട് ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ആശയധാരയിൽനിന്ന് വർഷങ്ങളായി വേറിട്ട് സഞ്ചരിക്കുന്ന മർകസുദ്ദഅ്‌വക്കാർ ഇതേ വാക്കുകൾ ഉപയോഗിച്ചും അല്ലാതെയും ധാരാളം ഹദീസുകളെ പരസ്യമായി നിഷേധിക്കുന്നവരായി മാറി.

സത്യമതത്തോട് വെറുപ്പും വിദ്വേഷവുമുള്ള പലരും അതിന്റെ അടിസ്ഥാന പ്രമാണങ്ങൾക്കു മേൽ കടന്നാക്രമണം നടത്തിയാണ് അവരുടെ വിമർശനങ്ങളിൽ വിജയം നേടാൻ മുതിർന്നിട്ടുള്ളത്. ജൂതന്മാർ ശിയാക്കളിലൂടെ ആവിഷ്‌ക്കരിച്ച ഇഖ്‌വാനിസമെന്ന മതവിരുദ്ധ സിദ്ധാന്തം അതിന്റെ ലക്ഷ്യം സാക്ഷാത്കരിക്കാൻ പറ്റും വിധം കണ്ടെത്തിയ പല വഴികളിൽ ഒന്നായിരുന്നു ഒരു നന്മ പറഞ്ഞ് സുഖിപ്പിച്ച് അതിനോട് ചേർന്നുള്ള മറ്റു പലതിനെയും താറടിച്ച് കാണിക്കുക എന്നത്.

കേരളത്തിൽ ‘രാഷ്ട്രീയ ഇസ്‌ലാമു’മായി രംഗത്തു വന്ന ജമാഅത്തെ ഇസ്‌ലാമിക്കാർ നിരവധി ഹദീസുകളെ അവമതിക്കാൻ അവരുടെ പ്രസിദ്ധീകരണങ്ങളിൽ ഉപയോഗിച്ച പ്രയോഗമാണ് ‘അക്ഷര വായന’



# പ്രമാണങ്ങളെ സ്വീകരിക്കുന്നത് ‘അക്ഷരവായന’യോ?

എന്നത്. ഹദീസുകളിൽ പറയുന്ന കാര്യങ്ങൾ അതേപടി അനുവർത്തിക്കുന്നതിനാലാണ് ഈ ആക്ഷേപം!

ഇഖ്‌വാനിസത്തിൽ ഇഷ്ടം പൂണ്ട് ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ആശയധാരയിൽനിന്ന് വർഷങ്ങളായി വേറിട്ട് സഞ്ചരിക്കുന്ന മർകസുദ്ദഅ്‌വക്കാർ ഇതേ വാക്കുകൾ ഉപയോഗിച്ചും അല്ലാതെയും ധാരാളം ഹദീസുകളെ പരസ്യമായി നിഷേധിക്കുന്നവരായി മാറി. തെളിവുകളോട് കൃത്യമായ നിലപാട് പുലർത്തുന്നവരെ കുറ്റപ്പെടുത്താൻ അവരുടെ മുഖപത്രമായ ശബാബിൽ വന്നത് കാണുക.

അവരുടെ പ്രസിഡന്റ് ഡോ. ഇ.കെ അഹമദ്കുട്ടി എഴുതുന്നു: “മുജാഹിദുകളിലെ നവയാഥാസ്ഥിതിക വിഭാഗം മുമ്പ് മുജാഹിദ് പ്രസ്ഥാനം സമുദായത്തിൽ വളർത്തിയെടുക്കാൻ ശ്രമിച്ച ചിന്താപരമായ ഉൽബുദ്ധതക്ക് കടകവിരുദ്ധമായി പണ്ഡിതാഭിപ്രായങ്ങളോടുള്ള അന്ധമായ പ്രതിബദ്ധതയും മതപ്രമാണങ്ങളോടുള്ള അക്ഷരപൂജയും വെച്ചുപുലർത്തുന്നവരായി മാറിയിരിക്കുന്നു” (2009 ഫെബ്രുവരി 27/പേജ് 24).

ഡോ. സുഫ്‌യാൻ അബ്ദുസ്സത്താർ എഴുതിയത് കാണുക: “പ്രമാണങ്ങളുടെ അക്ഷരവായന ആന്തരികവത്കരിച്ച പ്രസ്തുത രീതിശാസ്ത്രം സാമൂഹിക രംഗങ്ങളിൽനിന്നുള്ള പിന്മാറ്റത്തിനും കാർക്കശ്യത്തിലേക്കും വഴിതെളിയിച്ചു” (2023 ജനുവരി 27/പേജ് 25).

വിവേകമുള്ള വിശ്വാസികളുടെ നിലപാടായ ‘ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു’ (24:51) എന്നതിൽനിന്ന് കപടമനോഭാവത്തിലേക്ക് മാറ്റപ്പെട്ടവർക്ക് മാത്രമെ പ്രമാണത്തെ പിൻപറ്റുന്നവരെ ഈ നിലയ്ക്ക് പരിചയപ്പെടുത്താനാകൂ.

2024 നവംബർ 8ന് പുറത്തിറങ്ങിയ ശബാബിൽ ഡോ. ഇ.കെ അഹ്‌മദ് കുട്ടി സാഹിബ് തന്നെ എഴുതിയ ‘സുന്നത്ത് അനുധാവനം അക്ഷരവായനയാകുമ്പോൾ’ എന്ന ലേഖനത്തിൽ ഹദീസ് നിഷേധം നിറഞ്ഞാടുന്നതിനാൽ അത് അവരുടെ സംഘടനക്കകത്തും പുറത്തും വലിയ കോലാഹലങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. അദ്ദേഹത്തോട് ഇപ്പോൾ മർക്കസുദ്ദഅ്‌വക്കാരുടെ നിലപാട് കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന നിലയിലാണ്.

ഇടതു കൈകൊണ്ട് വെള്ളം കുടിച്ച അനുഭവം പങ്കുവച്ച് പ്രബലമായൊരു സുന്നത്തിനെ അദ്ദേഹം തള്ളിക്കളയുന്നത് കാണുക: “വലതു കൈ കൊണ്ട് തിന്നലും കുടിക്കലുമെല്ലാം സുന്നത്ത് തന്നെ. പക്ഷേ ചോറും കറിയും മത്സ്യമാംസാദികളും മറ്റും ഒന്നിച്ച് കുഴച്ച് ഭക്ഷണം കഴിക്കുമ്പോൾ അതിന്റെ അവശിഷ്ടങ്ങൾ എന്റെ വലതു കൈയിൽ പുരണ്ട് കിട

ക്കുന്നതുകൊണ്ടാണ് വൃത്തിയുള്ള മറ്റേ കൈ കൊണ്ട് വെള്ളം കുടിച്ചത്. വൃത്തിയും ശുദ്ധിയും ഈമാനിന്റെ പകുതിയാണെന്നല്ലേ പ്രവാചകൻ(സ) പറഞ്ഞത്...”

“ഈ സംഭവം ഞാൻ ഉദ്ധരിച്ചത് പ്രവാചകചര്യ അഥവാ സുന്നത്തിന്റെ ആന്തരാർത്ഥവും തത്വവും മനസ്സിലാക്കാതെ അതിന്റെ വാക്കുകളുടെയും അക്ഷരങ്ങളുടെയും ബാഹ്യാർഥം മാത്രം പരിഗണിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിലെ അനൗചിത്യവും പരിഹാസ്യതയും ചൂണ്ടിക്കാണിക്കാനാണ്” (പേജ് 22, 23).

വൃത്തിയുടെ കാര്യം പഠിപ്പിച്ച നബി(സ്വ) ഭക്ഷണ മര്യാദയുടെ ഭാഗമായി വലതു കൈകൊണ്ട് കുടിക്കണമെന്ന ആഹ്വാനവും ഇടതു കൈ കൊണ്ട് കുടിക്കരുതെന്ന നിരോധനവും നടത്തിയതിനെ ‘അനൗചിത്യവും പരിഹാസ്യതയു’മായി കാണുന്നത് ഹദീസിനോടുള്ള ഇഷ്ടമോ അതോ വിരോധമോ? ഇമാം ബുഖാരി(റഹി), മുസ്‌ലിം(റഹി) എന്നിവർ ഉദ്ധരിച്ച ഹദീസുകളാണവ.

ഏതവസ്ഥയിലും ഈ കൽപനയെ അക്ഷരാർഥത്തിൽ പാലിക്കുക എന്നതാണ് വിശ്വാസികളുടെ ഔചിത്യവും മര്യാദയും. വലിയ ശാസ്ത്രബോധവും യുക്തിചിന്തയും അവകാശപ്പെടുന്ന കൂട്ടരല്ലേ മർകസുകാർ! ഭക്ഷണം കഴിക്കുന്നതോടൊപ്പം വെള്ളം കുടിക്കാതിരിക്കലും ഭക്ഷണത്തിന് അര മണിക്കൂർ മുമ്പോ ശേഷമോ വെള്ളം കുടിക്കലുമാണ് നല്ലതെന്ന് ആരോഗ്യശാസ്ത്രം പറയുന്നു. ഇതങ്ങ് പാലിക്കുന്നതല്ലേ നബിവചനത്തെ നിഷേധിക്കുന്നതിനെക്കാൾ ഉചിതമായത്?

ഖുർആനിനോട് സ്വീകരിക്കേണ്ട സമീപനത്തിൽ പോലുമുള്ള ഇദ്ദേഹത്തിന്റെ യുക്തിചിന്ത കാണുക: “ഉപരിപ്ലവവും വിവേചനരഹിതവുമായ അന്ധമായ അനുകരണം മതപ്രമാണങ്ങൾക്കും മനുഷ്യബുദ്ധിക്കും വിരുദ്ധമാണ്. ദൈവികഗ്രന്ഥമായ വിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ(ആയത്തുകൾ) പോലും അവയുടെ യഥാർത്ഥ ഉദ്ദേശ്യവും പൊരുളുമറിയാതെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യരുതെന്നാണ് ദൈവ കൽപന (25:73). ഖുർആൻ വചനങ്ങളുടെ കാര്യം ഇങ്ങനെയാണെങ്കിൽ പ്രവാചക വചനങ്ങളുടെ(ഹദീസ്) കാര്യത്തിൽ അക്ഷരവായന ഉണ്ടാകാതിരിക്കാൻ നാം എത്രമാത്രം സൂക്ഷ്മത പുലർത്തണമെന്ന് പറയേണ്ടതില്ലല്ലോ”(പേജ് 23).

അവിശ്വാസികൾക്ക് അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുമ്പോൾ ഉണ്ടാകുന്ന സ്വഭാവമല്ല വിശ്വാസികളുടേതെന്ന് പഠിപ്പിച്ചതിനെയാണ് ഈ നിലയ്ക്ക് ദുരുപയോഗം ചെയ്തിരിക്കുന്നത്. മർകസുദ്ദഅ്‌വ നേതാക്കൾ അവരുടെ അണികളെ ചേകനൂരിസത്തിലേക്ക് അടുപ്പിക്കുന്നതിന്റെ വലിയ തെളിവാണിത്. ഇതേ ആയത്ത് വെച്ച് ചേകനൂരികൾ പ്രചരിപ്പിക്കുന്നത് കാണുക: “ദൈവ വചനമായ ഖുർആൻ ആയാൽ പോലും കേൾക്കുന്ന മാത്രയിൽ അതേപടി വിഴുങ്ങുകയല്ല വേണ്ടത്. ചിന്തിച്ചു ഗ്രഹിക്കണം. ഇതാണ് ഖുർആൻ തത്വങ്ങളുടെ യുക്തി വിചാരവും” (ഖുർആൻ ദർശനം, 2008 ആഗസ്റ്റ്/പേജ് 9).

അവിശ്വാസികൾക്ക് അല്ലാഹുവിന്റെ വചനങ്ങൾ കേൾക്കുമ്പോൾ ഉണ്ടാകുന്ന സ്വഭാവമല്ല വിശ്വാസികളുടേത് എന്ന് പഠിപ്പിച്ചതിനെയാണ് ഈ നിലയ്ക്ക് ദുരുപയോഗം ചെയ്തിരിക്കുന്നത്. മർകസുദ്ദഅ്‌വ നേതാക്കൾ അവരുടെ അണികളെ ചേകനൂരിസത്തിലേക്ക് അടുപ്പിക്കുന്നതിന്റെ വലിയ തെളിവാണിത്. ഇതേ ആയത്ത് വെച്ച് ചേകനൂരികൾ പ്രചരിപ്പിക്കുന്നത് കാണുക:

“ദൈവവചനമായ ഖുർആൻ ആയാൽ പോലും കേൾക്കുന്ന മാത്രയിൽ അതേപടി വിഴുങ്ങുകയല്ല വേണ്ടത്. ചിന്തിച്ചു ഗ്രഹിക്കണം. ഇതാണ് ഖുർആൻ തത്വങ്ങളുടെ യുക്തി വിചാരവും” (ഖുർആൻ ദർശനം, 2008 ആഗസ്റ്റ്/പേജ് 9).

സമുദായ മധ്യത്തിൽ കൂടുതൽ വഷളാകുമെന്ന പേടികൊണ്ടാകാം അടുത്ത ലക്കം ശബാബ് പേജ് 5ൽ ‘ദൈവിക ഗ്രന്ഥമായ വിശുദ്ധ ഖുർആനിലെ സൂക്തങ്ങളുടെ യഥാർഥ ഉദ്ദേശ്യവും പൊരുളും മനസ്സിലാക്കേണ്ടത്’ എന്നൊരു കുറിപ്പു കൊടുത്തത് കാണാനിടയായി.

ഏഴ് അജ്‌വകാരക്ക രാവിലെ കഴിക്കുക എന്ന പ്രത്യേകമായ സുന്നത്തിനെ കേവലം പതിവുശീലമായി വ്യാഖ്യാനിക്കുന്നത് കാണുക:

“എന്നാൽ റസൂലിനുള്ള നമ്മുടെ അനുസരണം അഥവാ സുന്നത്ത് അനുധാവനം പലപ്പോഴും പരിഹാസ്യമാംവിധം അക്ഷരവായനവും അക്ഷരപൂജയുമാകാറുണ്ട്. മതപരമായ പ്രാധാന്യമോ പ്രസക്തിയോ ഇല്ലാത്ത നബി(സ)യുടെ ദൈനംദിന ജീവിതത്തിലെ ചില പതിവുശീലങ്ങൾ പിണ്യകരമായ സുന്നത്തായി കരുതി അതിനെ അനുകരിച്ച് പ്രവർത്തിക്കുന്ന പലരെയും നമുക്ക് കാണാം...അദ്ദേഹം ഭക്ഷിച്ചിരുന്നുവെന്ന് പറയപ്പെടുന്ന അജ്വ എന്ന വർഗത്തിൽപ്പെടുന്ന ഈന്തപ്പഴം ഭക്ഷിക്കുന്നത് തുടങ്ങിയ ഉദാഹരണങ്ങൾ” (പേജ് 23,24).

ഹദീസുകളെപ്പറ്റി ശരിയായ ധാരണയില്ലാത്തതുകൊണ്ടാണല്ലോ അജ്വയുടെ ശ്രേഷ്ഠത പറയുന്ന ഹദീസുകളെപ്പറ്റി ‘മതപരമായ പ്രാധാന്യമോ പ്രസക്തിയോ ഇല്ലാത്ത,’ ‘അദ്ദേഹം ഭക്ഷിച്ചിരുന്നുവെന്ന് പറയപ്പെടുന്ന’ എന്നെല്ലാം എഴുതേണ്ടി വന്നത്!

താടി നീട്ടി വളർത്തുകയെന്ന സുന്നത്തിനെയും കളിയാക്കുന്നു: “താടി എത്ര വളർന്ന് വലുതായി വികൃതമായി മാറിയാലും അത് വെട്ടി വൃത്തിയാക്കാതെ അങ്ങനെത്തന്നെ നിലനിർത്താൻ അനുയായികളെ പ്രേരിപ്പിക്കുകവഴി വൃത്തിയും വെടിപ്പും ഈമാനിന്റെ പകുതിയാണെന്ന പ്രവാചകവചനത്തെ നിഷേധിക്കുകയല്ലേ ആ പണ്ഡിതന്മാർ ചെയ്യുന്നത്?”(പേജ് 24).

ഒരേ അർഥം വരുന്ന ഏകദേശം അഞ്ചോളം പദങ്ങൾ താടിയെ അതിന്റെ അവസ്ഥയിൽ വിടണമെന്നതിന് ഇമാം ബുഖാരിയും മുസ്‌ലിമുമടക്കം ഉദ്ധരിച്ച ഹദീസുകളിൽ കാണാം. അതിലൊന്നും താടി വെട്ടിമാറ്റണമെന്നോ നീക്കം ചെയ്യണമെന്നോ ഇല്ല. വൃത്തിയും വെടിപ്പും ഇല്ലാത്തതിനെയല്ല ഇദ്ദേഹം ആക്ഷേപിക്കുന്നത്. താടി നീട്ടിവളർത്തുക എന്ന കാര്യത്തെയാണ് വൃത്തിയില്ലാത്ത പ്രവർത്തനമായി വിശേഷിപ്പിക്കുന്നത്. നബി(സ്വ)യും സ്വഹാബിമാരും സമൃദ്ധമായി താടി വളർത്തിയവരായിരുന്നു.

നമസ്കാരത്തിൽ സ്വഫ്ഫ് ശരിപ്പെടുത്തുന്നത് നബിചര്യ പ്രകാരമാകുന്നതിനെയും ഇദ്ദേഹം നിരാകരിക്കുന്നത് കാണുക: “എന്നാൽ പ്രവാചക നിർദേശത്തെ അക്ഷര വായന നടത്തിക്കൊണ്ട് നമസ്കാരത്തിന്റെ അണികളിൽ വിടവുണ്ടായാൽ അതിലൂടെ പിശാച് പ്രവേശിക്കാതിരിക്കാൻ അടുത്ത് നിന്ന് നമസ്കരിക്കുന്നവന്റെ കാൽപാദത്തിൽ സ്വന്തം പാദം ഉരസി നിർത്തി പ്രയാസം സൃഷ്ടിക്കുന്ന തീവ്ര ഭക്തന്മാരെ ഇപ്പോൾ കണ്ടുവരുന്നുണ്ട്. സുന്നത്തിന്റെ പൊരുളും ലക്ഷ്യവും ഉൾക്കൊള്ളാതെ നമസ്കരിക്കുന്നവർക്ക് ശല്യമാകുന്ന ഈ കൂട്ടർ എന്ത് പ്രവാചക സ്നേഹമാണ് പ്രകടിപ്പിക്കുന്നത്?”(പേജ് 24,25).

സ്വഹാബത്ത് നബി(സ)യിൽ നിന്ന് നേരിട്ട് മനസ്സിലാക്കി ചെയ്തൊരു സുന്നത്തിനെയാണ് ഇത്തരത്തിൽ അവമതിക്കുന്നത്. അവരൊക്കെ മർകസുദ്ദഅ്വക്കാരുടെ പ്രസിഡന്റിന്റെ വീക്ഷണത്തിൽ സുന്നത്തിന്റെ അക്ഷരവായന നടത്തിയവരും ‘തീവ്ര ഭക്തന്മാരു’മാണോ? എത്ര ഗുരുതരമാണ് ഈ ആരോപണം! അവർ ചുമലും കാൽപാദവും ചേർത്തുവച്ചിരുന്നു എന്ന ഹദീസിനെ എങ്ങനെയാണ് ഇക്കൂട്ടർ മനസ്സിലാക്കുന്നത്?

സ്വുബ്ഹി ജമാഅത്ത് പാഴാക്കുന്നതിന്റെ ഗൗരവവും അന്ധനായ അബ്ദുല്ലാഹ് ബിൻ ഉമ്മിമഖ്തൂ(റ)മിനോട് ജമാഅത്തിന് വരേണ്ടതിന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തിയതുമായ കാര്യങ്ങളെ വളരെ മോശമായിട്ടാണ് ലേഖകൻ കാണുന്നത്:

“നമ്മുടെ കൂട്ടത്തിലെ ഏതെ

സ്വഹാബത്ത് നബി(സ)യിൽ നിന്ന് നേരിട്ട് മനസ്സിലാക്കി ചെയ്തൊരു സുന്നത്തിനെയാണ് ഇത്തരത്തിൽ അവമതിക്കുന്നത്. അവരൊക്കെ മർകസുദ്ദഅ്വക്കാരുടെ പ്രസിഡന്റിന്റെ വീക്ഷണത്തിൽ സുന്നത്തിന്റെ അക്ഷരവായന നടത്തിയവരും ‘തീവ്ര ഭക്തന്മാരു’മാണോ? എത്ര ഗുരുതരമാണ് ഈ ആരോപണം! അവർ ചുമലും കാൽപാദവും ചേർത്തുവച്ചിരുന്നു എന്ന ഹദീസിനെ എങ്ങനെയാണ് ഇക്കൂട്ടർ മനസ്സിലാക്കുന്നത്?

ങ്കിലും അക്ഷരപൂജകരായ തീവ്രനിലപാടുകാർ ഈ രണ്ട് ഹദീസുകളും പ്രാവർത്തികമാക്കാൻ തുനിഞ്ഞാൽ എത്ര ഭയാനകമായിരിക്കും അതിന്റെ ഫലം എന്ന് ഒന്ന് ചിന്തിച്ചു നോക്കൂ. ഒന്ന് നമ്മുടെ മഹല്ലുകളിലെ പല മുസ്‌ലിം വീടുകളും കത്തിച്ചാമ്പലായി ഇല്ലാതാകും. രണ്ട് നമ്മുടെ പള്ളികളിൽ വരാൻ കഴിയാത്ത കണ്ണു കാണാത്ത പാവങ്ങളായ വ്യക്തികളെ ബലം പ്രയോഗിച്ച് കൊണ്ടുവന്ന് അവരെ കഷ്ടപ്പെടുത്തും" (പേജ് 25).

ഇമാമുരായ ബുഖാരി(റഹി), മുസ്‌ലിം(റഹി), അബൂദാവൂദ്(റഹി), ഇബ്നുമാജ(റഹി), അഹ്മദ്(റഹി) എന്നിവർ ഉദ്ധരിച്ച ഈ രണ്ട് ഹദീസുകളുടെയുടെയും പൊരുൾ മുൻഗാമികൾ വിശദീകരിച്ചത് മനസ്സിലാക്കിയിരുന്നെങ്കിൽ ഇങ്ങനെ അനാവശ്യമായ ആലോചനകളിലൂടെ തെറ്റിദ്ധാരണ പരത്തേണ്ട ഗതികേട് വരില്ലായിരുന്നു. കാരണങ്ങൾ ഉള്ളവർക്ക് അതനുസരിച്ചുള്ള ഇളവും അലസത കാണിക്കുന്നവർക്ക് ശക്തമായ താക്കീതും ജമാഅത്ത് നിസ്കാരത്തിന്റെ വിഷയത്തിൽ ഇസ്‌ലാം നൽകിയിട്ടുണ്ട്. നബി(സ്വ)യുടെ മാതൃകാജീവിതത്തെ അവമതിക്കാൻ മതവിരോധികൾ ഇത്തരം വരികൾ ഉപയോഗപ്പെടുത്തുമെന്ന ആശങ്കയെങ്കിലും ഇവർക്കില്ലാതെപോയല്ലോ!

മരണം ആസന്നമായൊരു മുസ്‌ലിമിന് ശഹാദത്ത് കലിമ ഓർമപ്പെടുത്തിക്കൊടുക്കൽ അടുത്തുള്ളവർ ശ്രദ്ധിക്കേണ്ട മര്യാദയും സുന്നത്തുമാണ്. അതിനോടും ഇദ്ദേഹം വിമുഖത കാണിക്കുന്നത് നോക്കൂ: "അക്ഷരവായനയുടെ അനൗചിത്യം അനുഭവപ്പെടുന്ന വേറെയും സന്ദർഭങ്ങളുണ്ട്. മൻകാന ആഖിറു കലാമിഹീ ലാഇലാഹ ഇല്ലല്ലാഹ് ദഖലൽ ജന്ന എന്ന ഹദീസ് പ്രാവർത്തികമാക്കാൻ മരണാസന്നനായി ഊർദ്ധശ്വാസം വലിച്ചുകൊണ്ട് വെപ്രാളപ്പെട്ട് കിടക്കുന്ന വ്യക്തിയുടെ ചുറ്റും നിന്നുകൊണ്ട് ബന്ധുക്കളും സ്നേഹജനങ്ങളും 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചത്തിൽ ചൊല്ലിക്കൊടുത്ത് ആ വ്യക്തിയെ അങ്ങനെ ചൊല്ലാൻ നിർബന്ധിച്ച് കഷ്ടപ്പെടുത്തുന്നത് ഒരു സാധാരണ കാഴ്ചയാണ്" (പേജ് 25,26).

ഈ വിഷയത്തിൽ ആരെങ്കിലും തെറ്റായ നിലപാട് സ്വീകരിക്കുന്നുവെങ്കിൽ അത് ചൂണ്ടിക്കാണിക്കാമെന്നല്ലാതെ ഹദീസിന്റെ ആശയത്തെ നിരാകരിക്കുന്നതിൽ എന്ത് ഔചിത്യമാണുള്ളത്?

ലേഖകന്റെ വീക്ഷണത്തിൽ ഇസ്‌ലാമിന്റെ പ്രമാണങ്ങൾ ഏതൊക്കെയാണെന്ന് കൂടി വായിക്കാം: *"ഇസ്‌ലാമിന്റെ രീതി വഹ്‌യും അഖ്‌ലും അഥവാ അഖ്‌ലും നഖ്‌ലും സംയോജിച്ചുകൊണ്ടുള്ളതാണ്. എന്റെ അഭിപ്രായത്തിൽ ഇസ്‌ലാമിന്റെ മുഖ്യ പ്രമാണങ്ങൾ ഖുർആനും അഖ്‌ലുമാകുന്നു എന്നു പറയാം" (വെളിച്ചം സുവനീർ, 2024 ഫെബ്രുവരി/പേജ് 61).*

ക്വുർആനും സുന്നത്തുമാണ് ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങൾ എന്നതിൽ അട്ടിമറി നടത്തുകയാണ് മർകസുദ്ദഅ്‌വക്കാരുടെ പ്രസിഡന്റ്! സുന്നത്തിനോടുള്ള ഇവരുടെ വെറുപ്പ് എത്രത്തോളമെന്ന് ഇതെല്ലാം തെളിയിക്കുന്നു.

"അവർ പറയുന്നു; ഞങ്ങൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന്. പിന്നെ അതിന് ശേഷം അവരിൽ ഒരു വിഭാഗമതാ പിൻമാറിപ്പോകുന്നു. അവർ വിശ്വാസികളല്ല തന്നെ. അവർക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും അവർ വിളിക്കപ്പെട്ടാൽ അപ്പോഴതാ അവരിൽ ഒരു വിഭാഗം തിരിഞ്ഞുകളയുന്നു" (ക്വുർആൻ 24:47,48). വിശ്വാസ ദുർബലത, അറിവിലെ ദൗർബല്യം, മനസ്സിനെ പിടികൂടുന്ന രോഗം, പറയുന്നത് നിലനിർത്താതിരിക്കൽ എന്നിവയാണ് ഇതിനുള്ള കാരണങ്ങളെന്ന് ശൈഖ് നാസ്വിറുസ്സഅദി(റ) വിശദീകരിച്ചതായി കാണാം. ■

> വൃത്തിയുടെ കാര്യം പഠിപ്പിച്ച നബി(സ്വ) ഭക്ഷണ മര്യാദയുടെ ഭാഗമായി വലതു കൈകൊണ്ട് കുടിക്കണമെന്ന ആഹ്വാനവും ഇടതു കൈ കൊണ്ട് കുടിക്കരുതെന്ന വിരോധനവും നടത്തിയതിനെ 'അനൗചിത്യവും പരിഹാസ്യതയു'മായി കാണുന്നത് ഹദീസിനോടുള്ള ഇഷ്ടമോ അതോ വിരോധമോ? ഇമാം ബുഖാരി(റഹി), മുസ്‌ലിം(റഹി) എന്നിവർ ഉദ്ധരിച്ച ഹദീസുകളാണവ. ഏതവസ്ഥയിലും ഈ കൽപനയെ അക്ഷരാർഥത്തിൽ പാലിക്കുക എന്നതാണ് വിശ്വാസികളുടെ ഔചിത്യവും മര്യാദയും. വലിയ ശാസ്ത്രബോധവും യുക്തിചിന്തയും അവകാശപ്പെടുന്ന കൂട്ടരല്ലേ മർകസുകാർ! ഭക്ഷണം കഴിക്കുന്നതോടൊപ്പം വെള്ളം കുടിക്കാതിരിക്കലും ഭക്ഷണത്തിന് അരമണിക്കൂർ മുമ്പോ ശേഷമോ വെള്ളം കുടിക്കലുമാണ് നല്ലതെന്ന് ആരോഗ്യശാസ്ത്രം പറയുന്നു. ഇതങ്ങ് പാലിക്കുന്നതല്ലേ നബിവചനത്തെ നിഷേധിക്കുന്നതിനെക്കാൾ ഉചിതമായത്?

# സൂറതുൽ അഹ്സാബ്

## സംഘടിത കക്ഷികൾ

(മദീനയിൽ അവതരിച്ചത്)

അധ്യായം 33

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

النَّبِيُّ أَوْلَىٰ بِالْمُؤْمِنِينَ مِنْ أَنفُسِهِمْ ۖ وَأَزْوَاجُهُ
أُمَّهَاتُهُمْ ۗ وَأُولُو الْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ
فِي كِتَابِ اللَّهِ مِنَ الْمُؤْمِنِينَ وَالْمُهَاجِرِينَ إِلَّا
أَن تَفْعَلُوا إِلَىٰ أَوْلِيَائِكُم مَّعْرُوفًا ۚ كَانَ ذَٰلِكَ فِي
الْكِتَابِ مَسْطُورًا ﴿٦﴾

6. പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു. അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു. രക്തബന്ധമുള്ളവർ അന്യോന്യം അല്ലാഹുവിന്റെ നിയമത്തിൽ മറ്റു വിശ്വാസികളെക്കാളും മുഹാജിറുകളെക്കാളും കൂടുതൽ അടുപ്പമുള്ളവരാകുന്നു. നിങ്ങൾ നിങ്ങളുടെ മിത്രങ്ങൾക്ക് വല്ല ഉപകാരവും ചെയ്യുന്നുവെങ്കിൽ അത് ഇതിൽനിന്ന് ഒഴിവാകുന്നു. അത് വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടതാകുന്നു.

وَإِذْ أَخَذْنَا مِنَ النَّبِيِّينَ مِيثَاقَهُمْ وَمِنكَ وَمِن
نُّوحٍ وَإِبْرَاهِيمَ وَمُوسَىٰ وَعِيسَى ابْنِ مَرْيَمَ ۖ وَأَخَذْنَا
مِنْهُم مِّيثَاقًا غَلِيظًا ﴿٧﴾

7. പ്രവാചകൻമാരിൽനിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്). നിന്റെ പക്കൽനിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽ നിന്നും (നാം കരാർ വാങ്ങിയ സന്ദർഭം). ഗൗരവമുള്ള ഒരു കരാറാണ് അവരിൽനിന്നെല്ലാം നാം വാങ്ങിയത്.

لِّيَسْأَلَ الصَّادِقِينَ عَن صِدْقِهِمْ ۚ وَأَعَدَّ لِلْكَافِرِينَ
عَذَابًا أَلِيمًا ﴿٨﴾

8. അവന് സത്യവാന്മാരോട് അവരുടെ സത്യസന്ധതയെപ്പറ്റി ചോദിക്കാൻ വേണ്ടിയത്രെ അത്. സത്യനിഷേധികൾക്ക് അവൻ വേദനയേറിയ ശിക്ഷ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു.

يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا نِعْمَةَ اللَّهِ عَلَيْكُمْ
إِذْ جَاءَتْكُمْ جُنُودٌ فَأَرْسَلْنَا عَلَيْهِمْ رِيحًا وَجُنُودًا
لَّمْ تَرَوْهَا ۚ وَكَانَ اللَّهُ بِمَا تَعْمَلُونَ بَصِيرًا ﴿٩﴾

9. സത്യവിശ്വാസികളേ, നിങ്ങളുടെ അടുത്ത് കുറെ സൈന്യങ്ങൾ വരികയും അപ്പോൾ അവരുടെ നേരെ ഒരു കാറ്റിനെയും നിങ്ങൾ കാണാത്ത സൈന്യങ്ങളെയും അയക്കുകയും ചെയ്ത സന്ദർഭത്തിൽ അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹം നിങ്ങൾ ഓർമിക്കുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു.

إِذْ جَاءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ
وَإِذْ زَاغَتِ الْأَبْصَارُ وَبَلَغَتِ الْقُلُوبُ الْحَنَاجِرَ
وَتَظُنُّونَ بِاللَّهِ الظُّنُونَا ﴿١٠﴾

10. നിങ്ങളുടെ മുകൾഭാഗത്തുകൂടിയും നിങ്ങളുടെ താഴ്ഭാഗത്തുകൂടിയും അവർ നിങ്ങളുടെ അടുക്കൽ വന്ന സന്ദർഭം. ദൃഷ്ടികൾ തെന്നിപ്പോകുകയും, ഹൃദയങ്ങൾ തൊണ്ടയിലെത്തുകയും, നിങ്ങൾ അല്ലാഹുവെപ്പറ്റി പല ധാരണകളും ധരിച്ച് പോകുകയും ചെയ്തിരുന്ന സന്ദർഭം.

هُنَالِكَ ابْتُلِيَ الْمُؤْمِنُونَ وَزُلْزِلُوا زِلْزَالًا شَدِيدًا ﴿١١﴾

11. അവിടെവെച്ച് വിശ്വാസികൾ പരീക്ഷിക്കപ്പെടുകയും അവർ കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു.

6) ഇവിടെ അല്ലാഹു വിശ്വാസികളോട് ഒരു കാര്യം പറയുന്നു. അതിലൂടെ അവർക്ക് റസൂലിന്റെ യഥാർഥ നില തിരിച്ചറിയാനും അതനുസരിച്ച് അദ്ദേഹവുമായി പെരുമാറാനും കഴിയും, (പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളേക്കാളും അടുത്ത ആളാകുന്നു) ഏതൊരു വ്യക്തിയോടും ഏറ്റവും അടുപ്പമുള്ളത് സ്വന്തം ശരീരമാണ്. എന്നാൽ പ്രവാചകൻ സ്വന്തത്തെക്കാൾ അവവനോട് കൂടുതൽ അടുത്തവനാണ്. കാരണം അദ്ദേഹം അവരോട് ആത്മാർഥതയും അനുകമ്പയും ദയയും കാണിച്ചു. അത് അവരോട് എല്ലാവരിലും ഏറ്റവും കരുണയുള്ളവനും ദയയുള്ളവനും അദ്ദേഹമാണ് എന്നും വ്യക്തമാക്കുന്നു. അതിനാൽ മറ്റാരോടും കടപ്പെട്ടിരിക്കുന്നതിനെക്കാൾ കൂടുതൽ അവർ ദൂതനോട് കടപ്പെട്ടിരിക്കുന്നു. അതായത് മറ്റാരുടെ തീരുമാനത്തെക്കാളും അവർ മുൻഗണന നൽകേണ്ടത് പ്രവാചകന്റെ വിധിക്കാണ്. അവർ സ്വന്തത്തെ സ്നേഹിക്കുന്നതിനെക്കാൾ അദ്ദേഹത്തെ സ്നേഹിക്കണം. നിസ്സാരമായ ഒരു നന്മയാകട്ടെ തിന്മയാകട്ടെ അത് അവരിലേക്കെത്താൻ അദ്ദേഹം ഒരു കാരണമാണ്. അതുകൊണ്ട് ആരായിരുന്നാലും ഒരു പ്രവാചകന്റെ വാക്കുകൾക്ക്എതിരു നിൽക്കാവതല്ല. അവരുടെ സ്വന്തം സന്താനങ്ങളും ശരീരങ്ങളും അദ്ദേഹത്തിന് അവർ പ്രായശ്ചിത്തമായി നൽകണം. സർവ സൃഷ്ടികളെക്കാളും അദ്ദേഹത്തെ സ്നേഹിക്കണം. അദ്ദേഹം സംസാരിക്കുന്നതുവരെ അവർ സംസാരിക്കരുത്. അദ്ദേഹത്തെ മുൻകടന്നു പോകരുത്. അദ്ദേഹം സത്യവിശ്വാസികളുടെ പിതാവാണ്. സന്താനങ്ങളെ ഒരു പിതാവ് പരിപാലിക്കുന്നപോലെ അദ്ദേഹം അവരെ പരിപാലിക്കുന്നു. അദ്ദേഹത്തിന്റെ പത്നിമാർ



അവരുടെ മാതാക്കളാണ് എന്നത് അദ്ദേഹം പിതാവാണെന്ന നിലക്കാണ്. ആദരവിലും ബഹുമാനത്തിലും പരിശുദ്ധിയിലുമാണത്. അവരോടൊപ്പം തനിച്ചായിരിക്കുകയോ മഹ്റം ആയി കണക്കാക്കുകയോ ചെയ്യൽ അനുവദനീയമാണെ കാര്യത്തിലല്ല. സൈദുബ്നു ഹാരിസയുടെ സംഭവത്തിന്റെ മുഖവരയിൽ വന്നതും ഇതാണ്. മുമ്പ് അദ്ദേഹത്തെ വിളിച്ചിരുന്നത് സൈദുബ്നു മുഹമ്മദ് എന്നായിരുന്നു. അപ്പോഴാണ് ക്വുർആനിൽ (മുഹമ്മദ് നിങ്ങളിൽ ഒരാളെയും പിതാവല്ല-33:40) എന്ന വചനം അവതരിച്ചത്. അങ്ങനെ ആ പിതൃപുത്രബന്ധം വിച്ഛേദിച്ചു.

ഈ വാക്യത്തിൽ എല്ലാ വിശ്വാസികളും റസൂലിന്റെ മക്കളാണെന്ന് അല്ലാഹുപറയുന്നു. അതിനാൽ അവരിൽ ഒരാൾക്കും മറ്റൊരാളെക്കാൾ ശ്രേഷ്ഠതയില്ല. ദത്തെടുക്കാനുള്ള അവകാശം അവസാനിച്ചാലും വിശ്വാസത്തിന്റെ ബന്ധം അറ്റുപോയിട്ടില്ല. അതിനാൽ സങ്കടപ്പെടുകയോ ദുഖിഃക്കുകയോ ചെയ്യേണ്ടതില്ല. റസൂലുകളുടെ ഭാര്യമാർ വിശ്വാസികളുടെ മാതാക്കളാണ് എന്നതിന്റെ ഉദ്ദേശ്യം അല്ലാഹു വ്യക്തമാക്കുന്നു. പ്രവാചകന്റെ കാലശേഷം അവരെ വിവാഹം കഴിക്കാൻ ഒരാൾക്കും അനുവാദമില്ല. (അദ്ദേഹത്തിന് ശേഷം ഒരിക്കലും അദ്ദേഹത്തിന്റെ ഭാര്യമാരെ നിങ്ങൾ വിവാഹം കഴിക്കാനും പാടില്ല-അൽഅഹ്സാബ്:53).

അടുത്ത ബന്ധുക്കളോ വിദൂര ബന്ധുക്കളോ ആകട്ടെ, (രക്തബന്ധമുള്ളവർ) അല്ലാഹു നിശ്ചയിച്ച നിയമമനുസരിച്ച് അന്യോന്യം അടുപ്പമുള്ളവരാണ്. അവർ പരസ്പരം അനന്തരമെടുക്കുകയും പുണ്യം ചെയ്യുകയും ചെയ്യുന്നു. അവർ പരസ്പരം സഹായത്തിനും സഖ്യത്തിനും കൂടുതൽ അർഹതയുണ്ട്. ദത്തുപുത്രന്മാർക്ക് രക്തബന്ധുക്കൾക്ക് പകരം അനന്തരാവകാശം നൽകിയിരുന്നു. എന്നാൽ അല്ലാഹു അത് അവസാനിപ്പിക്കുകയും അനന്തരാവകാശം രക്തബന്ധുക്കൾക്ക് നൽകണമെന്ന് വിധിക്കുകയും ചെയ്തു. അത് അവരോടുള്ള കരുണയാണ്. മുമ്പുള്ള സമ്പ്രദായം തുടർന്നിരുന്നുവെങ്കിൽ രക്തബന്ധമുള്ളവർക്ക് അവകാശം നഷ്ടപ്പെടാനുള്ള വലിയൊരു തിൻമക്കും കുഴപ്പത്തിനും കാരണമാകുമായിരുന്നു (മറ്റു വിശ്വാസികളെക്കാളും മുജാഹിദുകളെക്കാളും) അടുത്തവർ മുഹാജിറുകളായ വിശ്വാസികളോ അല്ലാത്തവരോ ആയിരുന്നാലും അനന്തരാവകാശത്തിന്റെ കാര്യത്തിൽ രക്തബന്ധുക്കൾക്ക് മുൻഗണനയുണ്ട്. വാഹനം, സ്വത്ത് എന്നിവയെപ്പോലെത്തന്നെ രക്തബന്ധുക്കൾക്ക് അവരുടെ ബന്ധുക്കളുടെ കാര്യത്തിൽ ചുമതലയും രക്ഷാധികാരവുമുണ്ടെന്നതിന് ഈ

വചനം തെളിവാണ്. (നിങ്ങൾ നിങ്ങളുടെ മിത്രങ്ങൾക്ക് വല്ല ഉപകാരവും ചെയ്യുന്നുവെങ്കിൽ അത് ഇതിൽനിന്ന് ഒഴിവാക്കുന്നു) അതായത് അവർക്ക് അനന്തരാവകാശത്തിൽ യാതൊരു പങ്കുമില്ല. അത് നിങ്ങളുടെ ഇഷ്ടം മാത്രം. നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ അവർക്ക് എന്തെങ്കിലും നൽകുകയും അവരോട് ദയകാണിക്കുകയും ചെയ്യാം. (ആയിരിക്കുന്നു) പ്രസ്തുത വിധി. (വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടത്) അത് അല്ലാഹു എഴുതുകയും കൽപിക്കുകയും ഉത്തരവിടുകയും ചെയ്തതാണ്. അതിനാൽ അത് നടപ്പിലാക്കണം.

(7-8) ഇവിടെ അല്ലാഹു നമ്മോട് പറയുന്നത് പ്രവാചകൻമാരിൽ എന്നും പൊതുവായി ഇവിടെ പരാമർശിച്ച ഇച്ഛാശക്തിക്കുള്ള അഞ്ച് ദൂതന്മാരിൽനിന്ന് പ്രത്യേകിച്ചും ഒരു ഉടമ്പടി സ്വീകരിച്ചിരിക്കുന്നു എന്നതാണ്. അത് അല്ലാഹുവിന്റെ മതത്തെ സഹായിക്കാനും അവന്റെ മാർഗത്തിൽ പ്രയത്നിക്കാനുമുള്ള ഗൗരവമേറിയ ഉടമ്പടിയും പ്രതിജ്ഞയുമായിരുന്നു. പൂർവിക പ്രവാചകന്മാരുടെ മാർഗമാണിത്. അവരുടെ പാത പിന്തുടർന്നാണ് അന്ത്യപ്രവാചകനും ശ്രേഷ്ഠനുമായ മുഹമ്മദ് നബി(സ്വ) അവരോട് കൽപിക്കുന്നത്.

ഈ മഹത്തായ ഉടമ്പടിയെക്കുറിച്ച് അല്ലാഹു പ്രവാചകന്മാരോടും അവരുടെ അനുയായികളോടും ചോദിക്കും; അവർ അത് നിറവേറ്റുകയും അവർക്ക് സ്വർഗം നൽകുന്നതിനായി അവർ അതിൽ വിശ്വസ്തരാണോ എന്നും അല്ല, അവർ അവിശ്വസിച്ചിരിക്കുകയാണോ എന്നും. അങ്ങനെയെങ്കിൽ അവൻ അവർക്ക് വേദനാജനകമായ ശിക്ഷ നൽകും.

مِّنَ الْمُؤْمِنِينَ رِجَالٌ صَدَقُوا مَا عَاهَدُوا اللَّهَ عَلَيْهِ ۖ

"സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചില പുരുഷൻമാരുണ്ട്. ഏതൊരു കാര്യത്തി ൽ അല്ലാഹുവോട് അവർ ഉടമ്പടി ചെയ്തുവോ അതിൽ അവർ സത്യസന്ധത പുലർത്തി"(33:23).

(9-10) വിശ്വാസികൾക്ക് അല്ലാഹു ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ ഓർമപ്പെടുത്തുന്നു. അതിന് നന്ദി ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുന്നു. അതായത്, ഹിജാസിലെയും മക്കയിലെയും സൈന്യം നിങ്ങളുടെ അടുക്കൽ വന്ന സന്ദർഭം. അവർ നിങ്ങളുടെ മുകളിലൂടെയും നജ്ദുകാർ താഴ്ഭാഗത്തുനിന്നും പ്രവാചകനെയും അനുചരന്മാർക്കും ഉൻമൂലനം ചെയ്യാൻ അവർ പരസ്പരം ധാരണയുണ്ടാക്കി. ഇത് ഖന്തക്കിലാണ് സംഭവിച്ചത്. മദീനക്ക് ചുറ്റും ജനവിഭാഗങ്ങൾ നിറഞ്ഞു. അവർ വലിയ സൈന്യമായും ധാരാളം ജനങ്ങളോടൊപ്പം വന്നു.

മദീനയിൽ നബി(സ്വ) കിടങ്ങു കുഴിച്ചു. അവർ മദീനയെ ഉപരോധിച്ചു പ്രശ്നം രൂക്ഷമായി. ഹൃദയങ്ങൾ തൊണ്ടയിലെത്തി. ഭയം അതിന്റെ പാരമ്യതയിലെത്തി. അവർ പലതും വിചാരിച്ചു. യുക്തിപൂർവം നീങ്ങേണ്ട ചില സാഹചര്യങ്ങൾ അവർ കണ്ടു. അങ്ങനെ അവർ മദീനയെ ഉപരോധിച്ചുകൊണ്ടിരുന്നു. നീണ്ടകാലം കാര്യങ്ങൾ അല്ലാഹു പറഞ്ഞതുപോലെയായിരുന്നു:

إِذْ جَاءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ وَإِذْ زَاغَتِ الْأَبْصَارُ وَبَلَغَتِ الْقُلُوبُ الْحَنَاجِرَ وَتَظُنُّونَ بِاللَّهِ الظُّنُونَا ﴿١٠﴾

"നിങ്ങളുടെ മുകൾഭാഗത്തുകൂടിയും നിങ്ങളുടെ താഴ്ഭാഗത്തുകൂടിയും അവർ നിങ്ങളുടെ അടുക്കൽ വന്ന സന്ദർഭം. ദൃഷ്ടികൾ തെന്നിപ്പോവുകയും ഹൃദയങ്ങൾ തൊണ്ടയിലെത്തുകയും നിങ്ങൾ അല്ലാഹുവെപ്പറ്റി പല ധാരണകളും ധരിച്ചുപോവുകയും ചെയ്തിരുന്ന സന്ദർഭം" (33:10).

അതായത് ചീത്തവിചാരം; അല്ലാഹു അവന്റെ ദീനിനെ സഹായിക്കുന്നില്ലെന്നും അവന്റെ വാക്ക് പൂർത്തിയാക്കുന്നില്ലെന്നും.

11) അവിടെവെച്ച് വിശ്വാസികൾ പരീക്ഷിക്കപ്പെടുകയും ഈ വലിയ പരീക്ഷണത്താൽ ഭയം, അസ്വസ്ഥത, വിശപ്പ് എന്നിവയിൽ (അവർ കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു). അങ്ങനെ അവരുടെ വിശ്വാസം വ്യക്തമാവാനും അവരുടെ ദൃഢത വർധിപ്പിക്കാനും കാരണമായി. അൽഹംദുലില്ലാഹ്! അവരുടെ വിശ്വാസത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ഉയർന്നനില വ്യക്തമായിത്തീർന്നു. അതു വഴി അവർ മുൻകാലത്തെയും പിന്നീടുജനതകളെയും മറികടന്നു. പ്രയാസം കഠിനമായ ബുദ്ധിമുട്ടുകൾ ശക്തമായി. അവരുടെ വിശ്വാസം കണ്ണിൽ കണ്ട പോലെ ദൃഢമായി.

وَلَمَّا رَأَى الْمُؤْمِنُونَ الْأَحْزَابَ قَالُوا هَٰذَا مَا وَعَدَنَا اللَّهُ وَرَسُولُهُ وَصَدَقَ اللَّهُ وَرَسُولُهُ ۚ وَمَا زَادَهُمْ إِلَّا إِيمَانًا وَتَسْلِيمًا ﴿٢٢﴾

"സത്യവിശ്വാസികൾ സംഘടിതകക്ഷികളെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു: ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളതാകുന്നു. അല്ലാഹുവും അവന്റെ ദൂതനും സത്യമാണ് പറഞ്ഞിട്ടുള്ളത്. അതവർക്ക് വിശ്വാസവും അർപ്പണവും വർധിപ്പിക്കുക മാത്രമെ ചെയ്തുള്ളൂ" (33:22).

**ബിസ്മിത എം.**
സൽസബീൽ അറബിക് കോളേജ്, വെങ്കിടങ്ങ്

# വിജയം അകലെയല്ല

വിദൂര പഠനത്തിൽ അഭയം തേടാൻ അംനു തീരുമാനിച്ചു. ഒപ്പം സാമൂഹ്യസേവനത്തിനും സമയം കണ്ടെത്തി. അവളുണ്ടാക്കിയ സേവന സമിതിയിൽ ഒട്ടേറെ സ്ത്രീകൾ അണിനിരന്നു. പാവങ്ങളായ ധാരാളം കുടുംബങ്ങളുടെ കണ്ണീരൊപ്പാൻ ആ കൂട്ടായ്മക്കു കഴിഞ്ഞു.

ചോർന്നൊലിക്കുന്ന കുടിലിൽ താമസിക്കുന്ന ഒരു കുടുംബത്തെ സന്ദർശിച്ച് സഹപ്രവർത്തകരോടൊപ്പം മടങ്ങുമ്പോഴാണ് ആ സന്തോഷവാർത്ത ഫോണിലൂടെ അംനയെ തേടിയെത്തിയത്; ഗവൺമെന്റ് അവൾ ഉണ്ടാക്കിയ സേവന സമിതിയെ അംഗീകരിച്ചിരിക്കുന്നു. ഈ സന്തോഷം ഉമ്മയെ അറിയിക്കുവാൻ ഓടിച്ചെന്നപ്പോൾ ഉപ്പാന്റെ അടികിട്ടി താഴെ വീണു കരയുന്ന ഉമ്മയെയാണ് അവൾ കണ്ടത്.

“മോളേ...” മകളെ കണ്ടപ്പോൾ ഉമ്മ പൊട്ടിക്കരഞ്ഞു. “ഉമ്മാക്ക് മതിയായി... ഈ ജീവിതം മതിയായി...”

സങ്കടവും ദേഷ്യവും ഉള്ളിലടക്കി അംനു ഉമ്മയോട് പറഞ്ഞു: “അങ്ങനെ പറയരുതുമ്മാ, ഇത് പടച്ചവന്റെ പരീക്ഷണമാണ്...” തേങ്ങലടക്കാൻ പാടുപെട്ടുകൊണ്ടാണ് അംനു അതു പറഞ്ഞത്. ഈ രംഗം കണ്ടു നിൽക്കുകയായിരുന്ന അംനുവിന്റെ ഉപ്പ രണ്ടുപേരെയും തുറിച്ചു നോക്കിയിട്ട് ഒന്നും മിണ്ടാതെ എങ്ങോട്ടോ ഇറങ്ങിപ്പോയി.

രണ്ടുമൂന്നു ദിവസങ്ങൾ അങ്ങനെ കഴിഞ്ഞുപോയി. അങ്ങനെയിരിക്കവെ അംനുവിന്റെ സേവന സമിതിയുടെ മികവാർന്ന പ്രവർത്തനത്തിന്റെ വാർത്ത കേട്ട് ഉദാരമതിയായ ഒരു ബിസിനസുകാരൻ അവളുടെ വീട്ടിലെത്തി. കുടുംബത്തിന്റെ അവസ്ഥയും അവളുടെ പഠിച്ച് ഉന്നതിയിലെത്തുവാനുള്ള അതിയായ ആഗ്രഹവും മനസ്സിലാക്കിയ അയാൾ അവളുടെ പഠനച്ചെലവു മുഴുവൻ വഹിക്കാമെന്നേറ്റു. അന്നേരം അംനുവിന്റെയും ഉമ്മയുടെയും സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല.

ഏതാനും ദിവസങ്ങൾക്കകം കുറച്ചകലെയുള്ള കോച്ചിംഗ് സെന്ററിൽ അവൾ ചേർന്നു. ഉയർന്ന റാങ്കോടെ അംനു എൻട്രൻസ് പരീക്ഷ പാസ്സായി. സിവിൽ സർവീസിന് അഡ്മിഷൻ കിട്ടി. മത-ഭൗതിക പഠനം ഒരുപോലെ അവൾ തുടർന്നു. തന്റെ മതപരമായ വ്യക്തിത്വം കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെയാണ് അവൾ ക്യാമ്പസ് ജീവിതം നയിച്ചത്. അതിന്റെ വഴിയിൽ നേരിട്ട പ്രതിബന്ധങ്ങളെ ധീരതയോടെ നേരിടാനും പരിഹാസങ്ങളെ അവഗണിക്കാനും അവൾക്കായി. ഒടുവിൽ അവൾ ആഗ്രഹിച്ചതുപോലെ ഐഎഎസ് പാസ്സായി. വർഷങ്ങളുടെ കാത്തിരിപ്പിന് വിരാമമായി.

പഠിക്കുന്നതിനിടയിൽ ഒരുപാട് വിഷമങ്ങളും ഒറ്റപ്പെടലുകളും അവൾക്ക് സഹിക്കേണ്ടിവന്നെങ്കിലും അല്ലാഹുവിലുള്ള ഉറച്ച വിശ്വാസവും പ്രാർഥനയും അതിരില്ലാത്ത ക്ഷമയും ലക്ഷ്യബോധവും അവളെ വിജയത്തിലേക്ക് എത്തിക്കുകയായിരുന്നു.

അതോടെ അവൾ നാട്ടിലെ താരമായി. അവളുടെ കുടുംബത്തിന്റെ ദയനീയാവസ്ഥയും ദുരിതവും കണ്ടിട്ടും കാണാത്ത ഭാവം നടിച്ച വ്യക്തികളും സംഘടനകളുമെല്ലാം അഭിനന്ദനങ്ങളും സ്വീകരണങ്ങ ളുമായി രംഗത്തുവരാൻ തുടങ്ങി. നാട്ടിലെ മുഴുവൻ രാഷ്ട്രീയ-സാംസ്കാരിക-മത സംഘടനകളും ചേർന്ന് അംനുവിന് വമ്പിച്ച ഒരു സ്വീകരണ പരിപാടി തീരുമാനിച്ചു. അതോടെ അംനയുടെ ഉപ്പയുടെ ജീവിതത്തിലും മാറ്റങ്ങൾ പ്രകടമായി. ജില്ലാ കളക്ടറാകാൻ പോകുന്ന മകളെ മാനംകെടുത്തരുതെന്ന സുഹൃത്തുക്കളുടെ ഉപദേശത്തിനു വഴങ്ങാൻ അയാൾ തയ്യാറായി. ഇന്നാണ് ആ ദിവസം. അംന പരിപാടിക്കു പോകാൻ തയ്യാറായി. ഉപ്പയും ഉമ്മയും പോകാനുള്ള തയ്യാറെടുപ്പിലാണ്. ജനലഴികൾക്കിടയിലൂടെ നോക്കിനിന്ന അംനു തന്റെ കണ്ണുകൾ തുടച്ചു. അപ്പോഴാണ് ഒരു വിളി: “അംനൂ, പോണ്ടേ?”

അത് അവളുടെ സുഹൃത്ത് റിനയായിരുന്നു. അവർ പ്രോഗ്രാം നടക്കുന്ന ഹാളിൽ എത്തിച്ചേർന്നു. നാട്ടുകാരും സുഹൃത്തുക്കളുമെല്ലാം പങ്കെടുക്കുന്ന സദസ്സ്. സ്വാഗത പ്രസംഗകൻ അംനയെ ക്ഷണിച്ചപ്പോൾ കരഘോഷമുയർന്നു. ആശംസകളും അനുമോദനങ്ങളുമർപ്പിച്ച് പ്രമുഖരായ പലരും സംസാരിച്ചു. ഒടുവിൽ അംനയുടെ ഊഴമെത്തി. എന്തായിരിക്കും അവൾക്ക് പറയാനുണ്ടാവുക എന്ന ആകാംക്ഷ സദസ്യരിൽ നിറഞ്ഞു. *(തുടരും)*



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

**വൈവിധ്യമാർന്ന വായനാനുഭവങ്ങൾ സമ്മാനിച്ച**
**വിസ്ഡം ബുക്സിൽ നിന്നും**
**ഇംഗ്ലീഷ് ഭാഷയിൽ ആദ്യമായി**
**മികച്ച രണ്ട് കൃതികൾ നിങ്ങളിലേക്കെത്തുന്നു...**










**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road,
Chalappuram, Kozhikode 673 002.
Mob: +91 7356766478

www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
23 November 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# പുറത്തിറങ്ങി

## പ്രകാശം പരത്തിയ പ്രവാചകന്മാർ
### ഭാഗം 6
# ഈസാ നബി عليه السلام

### ഹുസൈൻ സലഫി




WISDOM BOOKS AND PUBLICATIONS
CV Complex, PV Swami Road,
Chalappuram, Kozhikode 673 002.
Mob: +91 7356766478

www.wisdombooksonline.com